**പതിനഞ്ചാം കേരള നിയമസഭ**

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി

**(2021-2023)**

**ഒൻപതാമത് റിപ്പോർട്ട്**

(2022 ജൂലൈ 14-ാം തീയതി സഭയിൽ സമർപ്പിച്ചത്)

## 2019-ലെ പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതിയുടെ (എസ്.ആർ.ഒ. നമ്പർ 650/2019) സൂക്ഷ്മപരിശോധന സംബന്ധിച്ചുള്ള റിപ്പോർട്ട്


കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2022

പതിനഞ്ചാം കേരള നിയമസഭ

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി

# (2021-2023)

## ഒൻപതാമത് റിപ്പോർട്ട്

(2022 ജൂലൈ 14-ാം തീയതി സഭയിൽ സമർപ്പിച്ചത്)

2019-ലെ പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതിയുടെ

(എസ്.ആർ.ഒ. നമ്പർ 650/2019) സൂക്ഷ്മപരിശോധന

സംബന്ധിച്ചുള്ള റിപ്പോർട്ട്

851/2022.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I (എസ്.ആർ.ഒ. നമ്പർ 650/2019) | .. | 14 |
| അനുബന്ധം II (എസ്.ആർ.ഒ. നമ്പർ 976/2019) | .. | 24 |
| അനുബന്ധം III (എസ്.ആർ.ഒ. നമ്പർ 445/2020) | .. | 26 |
| അനുബന്ധം IV (എസ്.ആർ.ഒ. നമ്പർ 446/2020) | .. | 29 |

# സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി
# (2021-2023)

**ഘടന**

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. എം. എം. മണി, എം.എൽ.എ.

<u>അംഗങ്ങൾ</u> :

ശ്രീ. കെ. യു. ജനീഷ് കുമാർ, എം.എൽ.എ.

ശ്രീ. യു. എ. ലത്തീഫ്, എം.എൽ.എ.

ഡോ. മാത്യു കുഴൽനാടൻ, എം.എൽ.എ.

ശ്രീ. എം. മുകേഷ്, എം.എൽ.എ.

ശ്രീ. സി. സി. മുകുന്ദൻ, എം.എൽ.എ.

ശ്രീ. വി. കെ. പ്രശാന്ത്, എം.എൽ.എ.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ, എം.എൽ.എ.

ശ്രീ. എം. വിൻസെന്റ്, എം.എൽ.എ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീമതി കവിത ഉണ്ണിത്താൻ, *സെക്രട്ടറി-ഇൻ-ചാർജ്ജ്*

ശ്രീമതി ലിമ ഫ്രാൻസിസ്, ജോയിന്റ് സെക്രട്ടറി

ശ്രീമതി ബിന്ദു എസ്. എൽ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. എം. എസ്. ശ്രീകുമാർ, അണ്ടർ സെക്രട്ടറി.

## അവതാരിക

സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി (2021-2023)-യുടെ അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച്, സമിതിയുടെ ഒൻപതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്റ്റിൻ (2009-ലെ 10) കീഴിൽ പുറപ്പെടുവിച്ച 650/2019 (2019-ലെ പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതി), 976/2019, 445/2020, 446/2020 എന്നീ നമ്പർ എസ്.ആർ.ഒ.-കൾ സമിതിയുടെ 25-1-2022-ലെ യോഗത്തിൽ പരിശോധന നടത്തുകയും കേരളീയ പ്രവാസികാര്യം, നിയമം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളും നിർദ്ദേശങ്ങളും ശിപാർശകളും അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

2022 ജൂലൈ 12-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

എം. എം. മണി,
*അദ്ധ്യക്ഷൻ,*
*സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി.*

തിരുവനന്തപുരം,
2022 ജൂലൈ 14.

# റിപ്പോർട്ട്

ജീവിതസ്വപ്നങ്ങൾ സാക്ഷാത്കരിക്കുന്നതിനായി നാടുംവീടുമായി അകന്ന് അന്യദേശത്തേക്ക് പ്രയാണം ചെയ്യേണ്ടിവരുന്നവരാണ് പ്രവാസികൾ. നമ്മുടെ പരമ്പരാഗത തൊഴിലിടങ്ങളിൽ നിന്നും മാറുന്നതിനും പുതിയ തൊഴിൽ സംസ്കാരം സൃഷ്ടിക്കുന്നതിനും ജീവിതസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പ്രവാസജീവിതം മലയാളിയെ ഏറെ സഹായിച്ചു. വിദ്യാഭ്യാസ മേഖലയിലുണ്ടായ പുരോഗതിയെ തുടർന്ന് ജീവിതനിലവാരത്തിലും സാംസ്കാരികമേഖലയിലും ഔന്നത്യം നേടിയ ആധുനിക കേരളത്തിന് ഇന്നത്തേതിൽ നിന്നും തികച്ചും വ്യത്യസ്തമായ ഭൂപ്രകൃതിയും ജീവിത നേർകാഴ്ചകളുമുള്ള ഒരു ഭൂതകാലമുണ്ടായിരുന്നു. കാർഷികവൃത്തിയിലധിഷ്ഠിതമായ, കൂട്ടുകുടുംബ വ്യവസ്ഥ നിലനിന്നിരുന്ന ഒരു കാലഘട്ടത്തിൽ തന്റെ പരിമിതമായ ആവശ്യങ്ങൾക്കുവേണ്ട വിഭവങ്ങൾ ചുറ്റുമുള്ള പ്രകൃതിയിൽ നിന്നുതന്നെ അവന് ലഭിച്ചിരുന്നു. പരസ്പര സഹായത്തിലധിഷ്ഠിതമായ ഒരു ബാർട്ടർ സമ്പ്രദായവും അക്കാലത്ത് നിലനിന്നിരുന്നു. വ്യവസ്ഥാപിത കൂട്ടുകുടുംബ വ്യവസ്ഥിതിയിൽ നിന്ന് അണുകുടുംബങ്ങളിലേക്ക് മാറിയ മനുഷ്യൻ ഉന്നതവിദ്യാഭ്യാസത്തിന്റെയും ശാസ്ത്ര-സാങ്കേതികവിദ്യകളുടെ വ്യാപനത്തെയും തുടർന്ന് ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും സാമ്പത്തികഭദ്രത ഉറപ്പുവരുത്തുന്നതിനുമായി പുതിയ തൊഴിൽ/ വ്യാപാരസാധ്യതകൾ അന്വേഷിച്ച് മറ്റുസ്ഥലങ്ങളിലേക്കും ക്രമേണ മറ്റുരാജ്യങ്ങളിലേക്കും സഞ്ചരിക്കാൻ തുടങ്ങിയത് കുടിയേറ്റത്തിന്റെയും പ്രവാസത്തിന്റെയുമായ പുതിയ ജീവിതക്രമത്തിന് തുടക്കം കുറിച്ചു.

2. തന്റെ ജീവിതം കരുപിടിപ്പിക്കുന്നതിനായി എന്ത് കഠിനാധ്വാനവും ചെയ്യാൻ തയ്യാറായ മലയാളി, എണ്ണ-പ്രകൃതിവാതകങ്ങളുടെ ധാരാളിത്തത്താൽ സമ്പന്നമായ ഗൾഫ് മേഖലയേയും ഉയർന്ന തൊഴിൽ/വേതന സാധ്യതകളുള്ള പാശ്ചാത്യ രാജ്യങ്ങളെയും തന്റെ തട്ടകമായി തെരഞ്ഞെടുത്തു. യൗവ്വനകാലത്ത് അന്യദേശങ്ങളിൽ കഠിനാധ്വാനം ചെയ്ത് സമ്പാദിച്ച ധനം സ്വന്തം കുടുംബത്തിന്റെയും നാടിന്റെയും അതുവഴി രാഷ്ട്രത്തിന്റെ തന്നെയും ഉന്നതിക്കായി ചെലവഴിച്ചു. ജീവിത സായാഹ്നത്തിൽ സ്വസ്ഥമായി ജീവിക്കുന്നതിന്, മാറിയ ലോകക്രമത്തിൽ സാധിക്കാത്ത അവസ്ഥയുണ്ട്. ആഗോള സാമ്പത്തിക തകർച്ചയും യുദ്ധാന്തരീക്ഷവും മഹാമാരിയെ തുടർന്നുണ്ടായ അരക്ഷിതാവസ്ഥയും പ്രവാസിയുടെ സ്വപ്നങ്ങൾക്ക് ആഘാതമേൽപ്പിക്കുന്നു. എങ്കിലും, കേരളത്തിലെ സാമൂഹിക-സാമ്പത്തിക-സംസ്കാരിക-അടിസ്ഥാനസൗകര്യ മേഖലകളിൽ നാം ഇന്ന് കാണുന്ന സമൂലമായ മാറ്റങ്ങൾക്ക് പിന്നിലുള്ള ചാലക ശക്തിയാകുവാൻ പ്രവാസി നിക്ഷേപത്തിന്

സാധിച്ചുവെന്നത് നമുക്ക് വിസ്മരിക്കുവാൻ കഴിയുന്ന ഒന്നല്ല. പ്രവാസികൾക്കും അവരുടെ ഭാര്യ/ഭർത്താവിനും ജീവിതാവസാനം വരെ ഒരു നിശ്ചിത തുക ഡിവിഡന്റായി പ്രതിമാസം ലഭിക്കുന്ന പദ്ധതിയാണ് 2019-ലെ പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതി. 2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ഓർഡിനൻസ് (2019-ലെ 25) പ്രകാരം ഭേദഗതി ചെയ്യപ്പെട്ട 2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്റ്റിലെ (2009-ലെ 10) 8 എ വകുപ്പുപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് രൂപീകരിച്ചതാണ് പ്രസ്തുത ഡിവിഡന്റ് പദ്ധതി. പ്രവാസി നിക്ഷേപങ്ങൾ പ്രവാസി കേരളീയരുടെ ക്ഷേമം ഉറപ്പുവരുത്തുന്നതോടൊപ്പം നാടിന്റെ വികസനപ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നതിനുമായി കേരള സർക്കാർ ആവിഷ്കരിച്ച നൂതന ദീർഘകാല നിക്ഷേപ പദ്ധതിയാണിത്. പ്രവാസി കേരളീയരുടെ പേരിൽ മൂന്ന് ലക്ഷം മുതൽ അൻപത്തിയൊന്ന് ലക്ഷം രൂപ വരെ നിക്ഷേപം നടത്തുന്നതിനും അത് സർക്കാർ നിശ്ചയിച്ചിട്ടുള്ള പ്രകാരം വിനിയോഗിച്ചതിന്റെ ഫലമായി കിട്ടുന്ന തുകയും സർക്കാർ വിഹിതവും ചേർത്ത്, നിക്ഷേപം നടത്തി മൂന്ന് വർഷം പൂർത്തിയാകുന്ന തീയതി മുതൽ, അംഗം/ഗുണഭോക്താവിന് പ്രതിമാസം ഡിവിഡന്റ് നൽകുന്നതുമായ പ്രസ്തുത പദ്ധതി 2019 സെപ്റ്റംബർ 19 -ന് നിലവിൽ വന്നു.

3. 2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്റ്റിൻ (2009-ലെ 10) കീഴിൽ പുറപ്പെടുവിച്ച 650/2019 (2019-ലെ പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതി), 976/2019, 445/2020, 446/2020 എന്നീ നമ്പർ എസ്.ആർ.ഒ.-കളുടെ സൂക്ഷ്മ പരിശോധനയുടെ ഭാഗമായി കേരളീയ പ്രവാസികാര്യം, നിയമം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരിൽ നിന്നും 2022 ജനുവരി 25-ാം തീയതി സമിതി തെളിവെടുപ്പ് നടത്തുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളും നിർദ്ദേശങ്ങളും ശിപാർശകളും ചുവടെ ചേർക്കുന്നു.

4. പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ചു കൊണ്ടുള്ള സർക്കാർ ഉത്തരവ് നമ്പർ [2-9-2019-ലെ സ.ഉ.(കൈ.) നമ്പർ 12/2019/ നോർക്ക] തന്നെയാണ് 2019-ലെ പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതി രൂപീകരിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് നമ്പരായി എസ്.ആർ.ഒ. നമ്പർ 650/2019-ൽ (അനുബന്ധം I) ചേർത്തിരിക്കുന്നതെന്ന് സമിതി കണ്ടെത്തി. ഒരു സർക്കാർ ഉത്തരവ് നമ്പരിൽ തന്നെ പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങളും പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതിയുടെ രൂപീകരണവും പുറപ്പെടുവിച്ചത് സാങ്കേതികമായി സംഭവിച്ച പിഴവാണെന്നും വ്യത്യസ്ത കാര്യങ്ങൾക്കായി ഒരു സർക്കാർ ഉത്തരവ് ഉപയോഗിച്ചിരിക്കുന്നത് ശരിയായ നടപടിയല്ലെന്നും അത് പരിഹരിക്കുന്നതിനായി, പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ചു കൊണ്ടുള്ള 2-9-2019-ലെ നിലവിലുള്ള സർക്കാർ ഉത്തരവ് റദ്ദാക്കി, പകരം മുൻകാല

പ്രാബല്യത്തോടെ ഒരു പുതിയ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചാൽ മതിയാകുമെന്നും കേരളീയ പ്രവാസികാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. അതിന്റെ അടിസ്ഥാനത്തിൽ, പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ചുകൊണ്ടുള്ള 2-9-2019-ലെ സ.ഉ.(കൈ.)നമ്പർ 12/2019/നോർക്ക എന്ന സർക്കാർ ഉത്തരവ് റദ്ദാക്കുന്നതിനും പകരം മുൻകാല പ്രാബല്യത്തോടെ ഒരു പുതിയ സർക്കാർ ഉത്തരവ് മുഖേന പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കാനും സമിതി ശിപാർശ ചെയ്യുന്നു.

5. ഒരു സർക്കാർ ഉത്തരവിന് എസ്.ആർ.ഒ. നമ്പർ നൽകി ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുമ്പോൾ, പ്രസ്തുത ഗസറ്റ് വിജ്ഞാപനത്തിന് അനുബന്ധമായി മറ്റൊരു കാര്യത്തിനുള്ള സർക്കാർ ഉത്തരവ് ചേർക്കുന്നത് ക്രമപ്രകാരമല്ലെന്ന് സമിതി വിലയിരുത്തി. അതിനാൽ, വിജ്ഞാപനത്തിലെ **എസ്.ആർ.ഒ. നമ്പർ 650/2019** എന്നതിന് മുകളിലുള്ള '(അനുബന്ധം)' എന്നതും വിജ്ഞാപനത്തിനോടൊപ്പമുള്ള അനുബന്ധവും ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

6. 2019-ലെ പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതി രൂപീകരിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ്, 'സ.ഉ.(കൈ.)' ആയിട്ടാണ് പുറപ്പെടുവിച്ചിരിക്കുന്നതെന്നും ആക്റ്റിലെ ഒരു വകുപ്പിന്റെ അധികാരത്താൽ പുറപ്പെടുവിക്കുന്ന ചട്ടങ്ങളും പദ്ധതിയും 'സ.ഉ.(കൈ.)' ആയി പുറപ്പെടുവിക്കുന്നത് ക്രമപ്രകാരമല്ലെന്നും സമിതി വിലയിരുത്തി. ആക്റ്റിലെ ഒരു വകുപ്പിന്റെ അധികാരത്താൽ പുറപ്പെടുവിക്കുന്ന ചട്ടങ്ങളും പദ്ധതിയും ഭാവിയിൽ 'സ.ഉ.(അച്ചടി)' ആയി പുറപ്പെടുവിക്കണമെന്ന് നിർദ്ദേശം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

7. ആക്റ്റിലെ വകുപ്പ് 2(എസ്)-ലെ നിർവ്വചന പ്രകാരം "പദ്ധതി" എന്നാൽ, ഈ ആക്റ്റിൻ കീഴിൻ ഉണ്ടാക്കപ്പെട്ട പ്രവാസി കേരളീയരുടെ ക്ഷേമ പദ്ധതിയാണെന്നും ഓർഡിനൻസിലെ വകുപ്പ് 2(എംഎ)-ൽ നിർവ്വചിച്ചിരിക്കുന്ന പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതി ഈ ആക്റ്റിലെ മറ്റൊരു പദ്ധതിയായതിനാൽ, ആക്റ്റിലെ വകുപ്പ് 5 പ്രകാരം മുൻകാല പ്രാബല്യത്തോടു കൂടിയോ അല്ലെങ്കിൽ പിൽക്കാല പ്രാബല്യത്തോടു കൂടിയോ പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതിയിൽ ഭേദഗതി വരുത്തുവാൻ സാധിക്കാത്ത സാഹചര്യമാണെന്നും സമിതി വിലയിരുത്തി. രണ്ട് പദ്ധതിയും വ്യത്യസ്ത മായതിനാൽ, പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതിയിലും ഭേദഗതി വരുത്താൻ സാധിക്കുന്നവിധത്തിൽ ആക്റ്റിലെ 5-ാം വകുപ്പ് ഭേദഗതി ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

8. 2-9-2019-ലെ സ.ഉ.(കൈ.) നമ്പർ 12/2019/നോർക്ക എന്ന സർക്കാർ ഉത്തരവ് എസ്.ആർ.ഒ. നമ്പർ 650/2019 ആയി ഗസറ്റ് വിജ്ഞാപനം ചെയ്തിരിക്കുന്നത് 19-9-2019-ലാണെന്നും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ച് 17 ദിവസത്തിനുശേഷമാണ്

ഗസറ്റ് വിജ്ഞാപനം വന്നിരിക്കുന്നതെന്നും സമിതി കണ്ടെത്തി. ഗസറ്റ് വിജ്ഞാപനം ചെയ്യുന്ന തീയതി മുതലാണ് ചട്ടങ്ങളും പദ്ധതിയും സാധാരണയായി നിലവിൽ വരുന്നതെന്നും ഗസറ്റ് വിജ്ഞാപനം താമസിക്കുംതോറും പ്രാബല്യ തീയതിയിലും വ്യത്യാസം വരുമെന്നും സമിതി നിരീക്ഷിച്ചു. സർക്കാർ ഉത്തരവുകൾ പുറപ്പെടുവിക്കുന്ന അന്നുതന്നെ ഇ-ഗസറ്റ് ആയി പ്രസിദ്ധപ്പെടുത്താൻ സാധിക്കുന്ന ഈ കാലഘട്ടത്തിൽ, ഉത്തരവ് പുറപ്പെടുവിച്ച് 17 ദിവസത്തിനുശേഷം ഗസറ്റ് വിജ്ഞാപനം ചെയ്തത് ന്യായീകരിക്കുവാൻ സാധിക്കുന്നതല്ലെന്ന് സമിതി അഭിപ്രായപ്പെട്ടു. അതിനാൽ, ഭാവിയിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്ന അന്നോ അല്ലെങ്കിൽ അതിന് തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെയോ ഗസറ്റ് വിജ്ഞാപനം ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

9. 2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്റ്റിലെ, 'ആക്റ്റ്' എന്ന വാക്ക് 2019-ലെ പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതിയിൽ 'ആക്ട് ' എന്നാണ് ഉപയോഗിച്ചിരിക്കുന്നതെന്ന് സമിതി നിരീക്ഷിച്ചു. പ്രസ്തുത വാക്ക് ആക്റ്റിലേതുപോലെ ഏകീകരിക്കുന്നതിന്, പദ്ധതിയിലെ പീഠികയിലെ മൂന്നാം വരിയിലെ 'ആക്ടിലെ ' എന്നത് 'ആക്റ്റിലെ' എന്നും '10-ാം ആക്ട്' എന്നത് ' 10-ാം ആക്റ്റ്' എന്നും ഖണ്ഡിക 2(1)(എ)-ലെ 'ആക്ട് ' എന്നത് 'ആക്റ്റ് ' എന്നും 'ക്ഷേമ ആക്ട് ' എന്നത് 'ക്ഷേമ ആക്റ്റ് ' എന്നും ഖണ്ഡിക 2(1)(സി)-ലെ 'ആക്ടിലെ' എന്നത് 'ആക്റ്റിലെ' എന്നും ഖണ്ഡിക 2(2)-ലെ രണ്ടാമത്തെയും മൂന്നാമത്തെയും വരികളിലെ 'ആക്ടിലും' എന്നത് 'ആക്റ്റിലും' എന്നും മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

10. ഖണ്ഡിക 1(2) പ്രകാരം, 2019-ലെ പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതി ഗസറ്റ് വിജ്ഞാപന പ്രകാരം സർക്കാർ നിശ്ചയിക്കുന്ന തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നും അതിനായി, പ്രസ്തുത പദ്ധതി 19-9-2019-ന് നിലവിൽ വന്നതായി 6-12-2019-ലെ സ.ഉ.(കൈ.) നമ്പർ 21/2019/നോർക്ക എന്ന സർക്കാർ ഉത്തരവ് മുഖേന എസ്.ആർ.ഒ. നമ്പർ 976/2019 ആയി ഗസറ്റ് വിജ്ഞാപനം ചെയ്തിരിക്കുന്നത് 16-12-2019-ൽ ആണെന്നും സമിതി നിരീക്ഷിച്ചു. പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതി രൂപീകരിച്ചുകൊണ്ടുള്ള ഉത്തരവ് എസ്.ആർ.ഒ. നമ്പർ 650/2019 ആയി ഗസറ്റ് വിജ്ഞാപനം ചെയ്ത തീയതിയായ 19-9-2019 തന്നെയാണ് പ്രസ്തുത പദ്ധതി നിലവിൽ വന്ന തീയതിയായി 16-12-2019-ലെ ഗസറ്റ് വിജ്ഞാപനത്തിൽ നിശ്ചയിച്ചിരിക്കുന്നതെന്ന് സമിതി കണ്ടെത്തി. ഡിവിഡന്റ് പദ്ധതി രൂപീകരിച്ച് കൊണ്ടുള്ള ഉത്തരവ് ഗസറ്റ് വിജ്ഞാപനം ചെയ്ത തീയതിയും പ്രസ്തുത പദ്ധതി പ്രാബല്യത്തിൽ വന്ന തീയതിയും ഒന്നായതിനാലും 16-12-2019-ലെ ഗസറ്റ് വിജ്ഞാപനത്തിൽ പദ്ധതിക്ക് മുൻകാല പ്രാബല്യമോ, പിൻകാല പ്രാബല്യമോ നൽകാത്ത സാഹചര്യത്തിലും ഡിവിഡന്റ് പദ്ധതി രൂപീകരിച്ചുകൊണ്ടുള്ള ഉത്തരവിലെ ഖണ്ഡിക 1(2)-ലെ 'ഇത് ഗസറ്റ് വിജ്ഞാപന പ്രകാരം സർക്കാർ നിശ്ചയിക്കുന്ന തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാണ് ' എന്നത് 'ഇവ ഉടൻ പ്രാബല്യത്തിൽ

വരുന്നതാണ് ' എന്നാക്കിയിരുന്നുവെങ്കിൽ 16-12-2019-ലെ ഗസറ്റ് വിജ്ഞാപനം (എസ്.ആർ.ഒ. നമ്പർ 976/ 2019) ഒഴിവാക്കാമായിരുന്നുവെന്ന് സമിതി വിലയിരുത്തി. അതിനാൽ, ഭാവിയിൽ സർക്കാർ ഉത്തരവിന് പ്രാബല്യം നൽകുമ്പോൾ ഈ വിഷയം ശ്രദ്ധിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

11. പ്രവാസികൾ/തൊഴിൽ ഉടമകൾ/സംരംഭകർ എന്നിവരിൽ നിന്നും നിക്ഷേപം നേരിട്ട് സ്വീകരിക്കുന്നത് കേരള പ്രവാസി കേരളീയരുടെ ക്ഷേമ ബോർഡാണെന്നും പ്രസ്തുത ബോർഡിൽ നിന്നാണ് സർക്കാരിനാൽ നിശ്ചയിച്ചിട്ടുള്ള ഏജൻസിക്ക് നിക്ഷേപം കൈമാറ്റം ചെയ്ത് നൽകുന്നതെന്നും സമിതി നിരീക്ഷിച്ചു. നിക്ഷേപം നേരിട്ട് സ്വീകരിക്കുന്നത് ഏജൻസിയാണെന്ന് ഖണ്ഡിക 2(1)(ബി)-ലെ നിർവ്വചനത്തിൽ അർത്ഥമുണ്ടാകുന്നതായി സമിതി വിലയിരുത്തി. ഖണ്ഡിക 2(1)(ബി)-ലെ "ഏജൻസി" എന്ന നിർവ്വചനത്തിൽ വ്യക്തത വരുത്തുന്നതിനായി, പ്രസ്തുത നിർവ്വചനത്തിലെ 'കീഴിൽ' എന്ന വാക്കിനുശേഷം 'ബോർഡിൽ നിന്നും' എന്നീ വാക്കുകൾ കൂടി ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

12. പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതിയിൽ പ്രവാസികൾക്ക് പുറമേ തൊഴിൽ ഉടമകൾ/സംരംഭകർ എന്നിവർക്കും പ്രവാസികളുടെ പേരിൽ നിക്ഷേപം നടത്താവുന്നതാണെന്നും തൊഴിൽ ഉടമകൾ/സംരംഭകർ എന്നിവർ പദ്ധതിയിൽ ഒരംഗമല്ലാത്ത സാഹചര്യത്തിൽ 'ഒരംഗം നിക്ഷേപിച്ച തുക' എന്ന് ഖണ്ഡിക 2 (1) (ഡി)-ലെ നിർവ്വചനത്തിൽ ചേർത്തിരിക്കുന്നത് ഉചിതമായില്ലെന്നും ജീവിച്ചിരിക്കുന്നവരെ മാത്രമേ ഗുണഭോക്താവായി കണക്കാക്കുവാൻ സാധിക്കുവെന്നും സമിതി നിരീക്ഷിച്ചു. അതിനാൽ, ഖണ്ഡിക 2(1)(ഡി)-ലെ ഗുണഭോക്താവിന്റെ നിർവ്വചനത്തിൽ കൂടുതൽ വ്യക്തത വേണമെന്ന് സമിതി അഭിപ്രായപ്പെട്ടു. പ്രസ്തുത നിർവ്വചനത്തിലെ ഒന്നാം വരിയിലെ 'ഒരംഗം' എന്നത് ഒഴിവാക്കണമെന്നും രണ്ടാം വരിയിലെ 'ആ അംഗമോ ആ' എന്നത് 'അംഗമോ' എന്നും മൂന്നാം വരിയിലെ 'ജീവിച്ചിരിക്കുന്ന ഭാര്യ/ഭർത്താവ് എന്ന് ' എന്നത് 'ഭാര്യ/ഭർത്താവ് എന്നോ' എന്നും മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

13. ഖണ്ഡിക 2 (1) (ഇ)-ലെ "നിക്ഷേപം" എന്ന നിർവ്വചനത്തിന്റെ ഒന്നാം വരിയിലെ 'ഖണ്ഡം', 'ഉപഖണ്ഡ' എന്നിവ യഥാക്രമം 'ഖണ്ഡിക', 'ഉപഖണ്ഡിക' എന്ന് മാറ്റം വരുത്തണമെന്നും രണ്ടാം വരിയിലെ '/ഗുണഭോക്താവ് ' എന്ന ചിഹ്നവും വാക്കും ഒഴിവാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

14. കൂടുതൽ നിക്ഷേപസൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും ഡിവിഡന്റിന് കൂടുതൽ സുരക്ഷിതത്വം നൽകുന്നതിനുംവേണ്ടി ഖണ്ഡിക 2(1)(എഫ്)-ലെ "ഡിവിഡന്റ് വരുമാനം" എന്ന നിർവ്വചനത്തിന്റെ നാലാം വരിയിലെ 'ഏറ്റവും കുറഞ്ഞ' എന്നീ വാക്കുകൾ ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

15. ഖണ്ഡിക 2 (2)-ലെ ആദ്യ വരിയിലെ 'പക്ഷെ' എന്ന വാക്ക് 'പക്ഷേ' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

16. ഖണ്ഡിക 3-ന്റെ തലക്കെട്ടിലെ 'ബാധകമാകുമെന്ന് ' എന്നത് 'ബാധകം' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

17. ഖണ്ഡിക 3 പ്രകാരം, ഈ പദ്ധതി എല്ലാ പ്രവാസികൾക്കും ബാധകമാകുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും, പദ്ധതിയിൽ അംഗമാകുന്നയാൾ പ്രവാസി ആണെന്ന് തെളിയിക്കുവാൻ എന്തൊക്കെ രേഖകളാണ് നിക്ഷേപ സമയത്ത് സമർപ്പിക്കേണ്ടതെന്ന് പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടില്ലെന്ന് സമിതി നിരീക്ഷിച്ചു. അതിനാൽ, പദ്ധതിയിൽ അംഗമാകുന്നയാൾ പ്രവാസി ആണെന്ന് തെളിയിക്കുവാൻ എന്തൊക്കെ രേഖകളാണ് നിക്ഷേപ സമയത്ത് സമർപ്പിക്കേണ്ടതെന്ന് പദ്ധതിയിൽ വ്യവസ്ഥ ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

18. പ്രവാസികൾക്ക് പുറമേ പ്രവാസികളുടെ തൊഴിൽ ഉടമകൾ/സംരംഭകർ എന്നിവർക്കും പ്രവാസികളുടെ പേരിൽ പദ്ധതിയിൽ നിക്ഷേപം നടത്താവുന്നതാണെന്ന് സമിതി നിരീക്ഷിച്ചു. അതിനാൽ, ഖണ്ഡിക 4 (1)-ലെ ഒന്നാം വാക്യത്തിലെ 'ഏതൊരു പ്രവാസിക്കും' എന്നീ വാക്കുകൾ ഒഴിവാക്കികൊണ്ടും 'അംഗവും/ഗുണഭോക്താവും'എന്നത് 'അംഗം' എന്ന് മാറ്റം വരുത്തികൊണ്ടും, 'പ്രവാസിയോ അല്ലെങ്കിൽ തൊഴിൽ ഉടമകളോ/ സംരംഭകരോ ഏറ്റവും കുറഞ്ഞത് മൂന്നു ലക്ഷം രൂപ ഒരു പ്രവാസിയുടെ പേരിൽ നിക്ഷേപിച്ചാൽ, ആ പ്രവാസി പദ്ധതിയിലെ അംഗം ആകുന്നതാണ് ' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

19. ഖണ്ഡിക 4(1)-ലെ മൂന്നാം വരിയിലെ 'ഒരംഗത്തിന്/ഗുണഭോക്താവിന് ' എന്നത് 'ഒരംഗത്തിന് ' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

20. ഒരിക്കൽ നിക്ഷേപം നടത്തിയ വ്യക്തിക്ക് വീണ്ടും ഈ പദ്ധതിയിൽ പല തവണയായി അൻപത്തിയൊന്നു ലക്ഷം രൂപ വരെ നിക്ഷേപം നടത്താൻ സാധിക്കുമെന്ന് സമിതിക്ക് ബോധ്യപ്പെട്ടു. എന്നാൽ പദ്ധതിയിൽ അത് വ്യക്തമല്ലാത്തതിനാൽ, പല തവണയായി അൻപത്തിയൊന്നു ലക്ഷം രൂപ വരെ നിക്ഷേപം നടത്താൻ സാധിക്കുമെന്ന് വ്യക്തമായി ഖണ്ഡിക 4(1)-ൽ വ്യവസ്ഥ ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

21. പദ്ധതിയിൽ അംഗമാകുന്നയാളിന്റെ വ്യക്തിവിവരവും തൊഴിൽ ഉടമകൾ/ സംരംഭകരുടെ വ്യക്തിവിവരവും ഗുണഭോക്താവ്, നോമിനി/അവകാശികൾ, നിക്ഷേപ തുക, തുക നിക്ഷേപിച്ച തീയതിയും നിക്ഷേപ രീതിയും (ചെക്ക്/ഡി.ഡി/ ഇ.പേയ്മെന്റ്), ഡിവിഡന്റ് ക്രെഡിറ്റ് ചെയ്യേണ്ട അക്കൗണ്ട് നമ്പർ, പ്രവാസി ആണെന്ന്

തെളിയിക്കുന്നതിനായി ഹാജരാക്കിയ രേഖകൾ എന്നിവ രേഖപ്പെടുത്തുന്നതിനും ഫോട്ടോ പതിക്കുന്നതിനും അംഗത്വ നമ്പർ രേഖപ്പെടുത്തുന്നതിനുള്ള സ്ഥലവും ഉൾപ്പെടുത്തികൊണ്ട് നിക്ഷേപം നടത്തുന്നതിനുള്ള ഒരു ഫാറം പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് അനിവാര്യമാണെന്ന് സമിതി വിലയിരുത്തി. അതിനായി, പ്രസ്തുത വിവരങ്ങൾ ഉൾപ്പെടുത്തികൊണ്ട് ഒരു ഫാറം പദ്ധതിയിൽ ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

22. ഗുണഭോക്താവ്/നോമിനി/അവകാശികൾ എന്നിവരെ മാറ്റേണ്ടി വരുന്ന ഒരു സാഹചര്യം സംജാതമാകുകയാണെങ്കിൽ പുതിയ ഗുണഭോക്താവ്/നോമിനി/അവകാശികൾ എന്നിവരെ പദ്ധതിയിൽ ചേർക്കുന്നതിനായി ഒരു ഫാറം പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് അനിവാര്യമാണെന്ന് സമിതി വിലയിരുത്തി. അതിനായി, പ്രസ്തുത വിവരങ്ങൾ ഉൾപ്പെടുത്തികൊണ്ട് ഒരു ഫാറം പദ്ധതിയിൽ ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

23. ആദ്യ മൂന്ന് വർഷക്കാലയളവിലുള്ള ഡിവിഡന്റ് നിക്ഷേപത്തോടൊപ്പം ചേർക്കുന്നുണ്ടെങ്കിലും പ്രസ്തുത വർഷക്കാലയളവിൽ നിക്ഷേപകന് അത് കൈമാറ്റം ചെയ്യപ്പെടുന്നില്ലെന്ന് സമിതി വിലയിരുത്തി. ആദ്യ മൂന്ന് വർഷക്കാലയളവിൽ ഡിവിഡന്റ് ലഭിക്കുന്നതല്ലെന്ന വ്യാഖ്യാനം ഉണ്ടാകുന്നതിനാൽ, ഖണ്ഡിക 4(3)-ലെ 'ലഭിക്കുന്നതല്ല' എന്നത് കൂടുതൽ വ്യക്തതയ്ക്കായി 'കൈമാറ്റം ചെയ്യുന്നതല്ല ' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

24. കൂടുതൽ വ്യക്തതയ്ക്കായി, ഖണ്ഡിക 5(1)-ലെ 'നിക്ഷേപ തീയതി മുതൽ ' എന്നത് 'നിക്ഷേപം നടത്തി' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

25. ഓർഡിനൻസിലെ വകുപ്പ് 2 (ജിഎ)-ലെ നിർവ്വചന പ്രകാരം, "ഡിവിഡന്റ് " എന്നാൽ പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതി പ്രകാരം നിക്ഷേപിക്കുന്ന തുകയ്ക്ക് നിക്ഷേപം സ്വീകരിക്കുന്ന ഏജൻസി നിക്ഷേപകന് നൽകുന്ന ലാഭവിഹിതം എന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളതെന്ന് സമിതി മനസ്സിലാക്കി. പ്രസ്തുത നിർവ്വചന പ്രകാരം ഡിവിഡന്റ് കണക്കാക്കുന്നത് നിക്ഷേപിക്കുന്ന തുകയെ മാത്രം അടിസ്ഥാനമാക്കിയാണെന്നും ഡിവിഡന്റ് കൊടുക്കുന്നത് ഏജൻസി നേരിട്ടാണെന്നും ഡിവിഡന്റായി അനുവദിക്കുന്ന തുക ലാഭവിഹിതമാണെന്നും വ്യാഖ്യാനമുണ്ടാകുന്നുവെന്ന് സമിതി നിരീക്ഷിച്ചു. നിക്ഷേപം സ്വീകരിച്ചതിന് ഏജൻസി നൽകുന്ന വിഹിതവും സർക്കാർ വിഹിതവും കൂടി ചേർന്ന നിശ്ചിത നിരക്കിലുള്ള തുകയാണ് ഡിവിഡന്റായി നൽകുന്നതെന്നും പ്രസ്തുത തുക ലാഭവിഹിതം അല്ലെന്നും സമിതി വിലയിരുത്തി. ഏജൻസി നൽകുന്ന വിഹിതവും സർക്കാർ വിഹിതവും കൂടി ചേർന്ന നിശ്ചിത നിരക്കിലാണ് ഡിവിഡന്റ് നൽകുന്നതെന്ന് വ്യക്തമാക്കുന്നതിനായി, 'ലാഭവിഹിതം' എന്ന വാക്ക് ഒഴിവാക്കിക്കൊണ്ട് വകുപ്പ് 2 (ജിഎ)-ലെ ഡിവിഡന്റിന്റെ നിർവ്വചനത്തിൽ മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

26. ആർക്കൊക്കെ എപ്രകാരം ഡിവിഡന്റ് നൽകണമെന്ന് ഖണ്ഡിക 5(1), 5(2) എന്നിവയിൽ വ്യക്തമാണെന്നതിനാൽ, ഖണ്ഡിക 5(3)-ലെ ആദ്യ വാക്യത്തിലെ 'അംഗം/ ഗുണഭോക്താവിന്റെ അല്ലെങ്കിൽ അയാളുടെ ഭാര്യ/ഭർത്താവിന്റെ മരണം ഏതാണോ അവസാനം സംഭവിക്കുന്നത്, അതോടുകൂടി' എന്നത് ഒഴിവാക്കണമെന്നും 'ഉപഖണ്ഡങ്ങളിൽ' എന്നത് 'ഉപഖണ്ഡികകളിൽ' എന്നാക്കണമെന്നും, 'അവസാനിപ്പിക്കേണ്ടതാണ്. ' എന്നത് 'അവസാനിച്ചതിനുശേഷം, ' എന്നാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

27. ഖണ്ഡിക 5(3) പ്രകാരം, നോമിനി/അവകാശികൾ ബോർഡ് നിശ്ചയിച്ചിട്ടുള്ള രേഖകൾ സമർപ്പിക്കുന്ന തീയതി മുതൽ മുപ്പത് ദിവസങ്ങൾക്കുള്ളിൽ അംഗത്തിന്റെ നിക്ഷേപവും ആദ്യ മൂന്ന് വർഷങ്ങളിൽ അതിനോട് കൂടി ചേർക്കപ്പെട്ട ഡിവിഡന്റും അവർക്ക് തിരികെ നൽകേണ്ടതാണ് എന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളതെന്ന് സമിതി മനസ്സിലാക്കി. 'ബോർഡ് നിശ്ചയിച്ചിട്ടുള്ള രേഖകൾ' എന്നതിനുപകരം ഏതൊക്കെ രേഖകളാണ് സമർപ്പിക്കേണ്ടതെന്ന് പദ്ധതിയിൽ വ്യക്തമായി വ്യവസ്ഥ ചെയ്യണമെന്നും ഖണ്ഡിക 5(3) പ്രകാരമുള്ള തുക ലഭിക്കുന്നതിനായി, ഒരു അപേക്ഷാ ഫാറം പദ്ധതിയിൽ ചേർക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

28. നിക്ഷേപം നടത്തി മൂന്ന് വർഷത്തിനുള്ളിൽ അംഗവും ഗുണഭോക്താവും മരിക്കുകയാണെങ്കിൽ, നിക്ഷേപ തുകയും അതിനോട് കൂടി ചേർക്കപ്പെട്ട ഡിവിഡന്റും നോമിനി/അവകാശികൾക്ക് എപ്പോൾ തിരികെ നൽകുമെന്ന് പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടില്ലന്ന് സമിതി വിലയിരുത്തി. അതിനാൽ, പ്രസ്തുത സാഹചര്യത്തിൽ നിക്ഷേപ തുകയും അതിനോട് കൂടി ചേർക്കപ്പെട്ട ഡിവിഡന്റും നോമിനി/അവകാശികൾക്ക് എപ്പോൾ തിരികെ നൽകുമെന്ന് പദ്ധതിയിൽ വ്യക്തമായി വ്യവസ്ഥ ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

29. ഖണ്ഡിക 5 (3) പ്രകാരം, 'നിക്ഷേപം തിരികെ നൽകാൻ സാധിക്കാത്തപക്ഷം നിക്ഷേപ തുക കൈവശം ഇരിക്കുന്ന ഏജൻസി നിക്ഷേപത്തിന് നൽകുന്ന തുക കൂടി പ്രസ്തുത നിക്ഷേപത്തോടൊപ്പം നോമിനി/അവകാശികൾക്ക് നൽകേണ്ടതാണ്.' പ്രസ്തുത വ്യവസ്ഥയിലെ 'നിക്ഷേപത്തിന് നൽകുന്ന തുക കൂടി പ്രസ്തുത നിക്ഷേപത്തോടൊപ്പം നോമിനി/അവകാശികൾക്ക് നൽകേണ്ടതാണ് ' എന്നതിൽ വ്യക്തത കുറവുണ്ടെന്ന് സമിതി വിലയിരുത്തി. അത് പരിഹരിക്കുന്നതിനായി, ഖണ്ഡിക 5(3)-ലെ പ്രസ്തുത ഭാഗത്തിന് കൂടുതൽ വ്യക്തത വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

30. 'അംഗം/ഗുണഭോക്താവ് ഈ പദ്ധതി പ്രകാരമുള്ള നിക്ഷേപം യാതൊരു വിധത്തിലുള്ള വായ്പകൾക്ക് ജാമ്യമായോ മറ്റു വിധത്തിലുള്ള സെക്യൂരിറ്റിയായോ ഉപയോഗിക്കാൻ പാടില്ലാത്തതും ആയത് യാതൊരു തരത്തിലുള്ള ജപ്തി നടപടികൾക്ക് വിധേയമാക്കാൻ പാടില്ലാത്തതുമാണ്. ഇപ്രകാരം ഏതെങ്കിലും ജപ്തിക്കോ റിക്കവറിക്കോ വിധേയമാകുന്നപക്ഷം അംഗം/ഗുണഭോക്താവിന് ഡിവിഡന്റിന് അർഹത ഉണ്ടായിരിക്കുന്നതല്ല' എന്നാണ് ഖണ്ഡിക 6 (1)-ൽ വ്യവസ്ഥ ചെയ്തിട്ടുള്ളതെന്ന് സമിതി നിരീക്ഷിച്ചു. ഖണ്ഡിക 6 (1)-ലെ വ്യവസ്ഥ നടപ്പാക്കുന്നതിലേക്കായി,

'നിക്ഷേപം യാതൊരു വിധത്തിലുള്ള വായ്പകൾക്ക് ജാമ്യമായോ മറ്റു വിധത്തിലുള്ള സെക്യൂരിറ്റിയായോ ഉപയോഗിക്കാൻ പാടില്ല' എന്ന് നിക്ഷേപ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തണമെന്നും അംഗം/ഗുണഭോക്താവിന് റവന്യൂ റിക്കവറി നടപടിക്ക് വിധേയനാകേണ്ടി വന്നാൽ ഈ പദ്ധതിയിലെ നിക്ഷേപത്തെ ജപ്തി നടപടികളിൽ നിന്നും ഒഴിവാക്കുവാൻ സാധിക്കുമോയെന്ന് ഒന്നുകൂടി വ്യക്തമായി പരിശോധിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

31. 'നിക്ഷേപം, അംഗം/ഗുണഭോക്താവ് അല്ലെങ്കിൽ ഭാര്യ/ഭർത്താവിന്റെ ജീവിത കാലത്തിൽ പിൻവലിക്കാൻ പാടില്ലാത്തതാണ് ' എന്ന ഖണ്ഡിക 6(2)-ലെ വ്യവസ്ഥയിൽ മാറ്റം വരുത്തേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെട്ടു. ഒരു അംഗം/ഗുണഭോക്താവിന് ജീവിത കാലഘട്ടത്തിൽ എപ്പോഴെങ്കിലും സാമ്പത്തിക പ്രതിസന്ധി ഉണ്ടാകുമ്പോൾ, മറ്റ് വരുമാന മാർഗ്ഗമില്ലാതെ, ഒരു നിശ്ചിത കാലയളവിനുശേഷം നിക്ഷേപം പിൻവലിക്കാൻ സാധിക്കുമെങ്കിൽ, അത് നിക്ഷേപകരെ കൂടുതൽ ആകർഷിക്കുന്ന സാഹചര്യം സംജാതമാകുമെന്ന് സമിതി വിലയിരുത്തി. ഒരു നിശ്ചിത കാലയളവിനുശേഷം (10/15/20 വർഷം) നിക്ഷേപം പിൻവലിക്കാൻ സാധിക്കുന്ന തരത്തിൽ പദ്ധതിയിൽ വ്യവസ്ഥ ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

32. ഖണ്ഡിക 7-ൽ ബോർഡിന്റെ പൊതു ചുമതലകളെ കുറിച്ചാണ് വ്യവസ്ഥ ചെയ്തിട്ടുള്ളതെന്ന് സമിതി നിരീക്ഷിച്ചു. എന്നാൽ, ഖണ്ഡിക 7(1)-ലെ രണ്ടാം വാചകമായ, 'ഇതിലേക്കായി ബോർഡിനുണ്ടാകുന്ന ഭരണപരമായ എല്ലാ ചെലവുകളും സർക്കാർ, വാർഷിക ഗ്രാന്റ് വഴി ബോർഡിന് നൽകേണ്ടതാണ് ' എന്നത് ബോർഡിന്റെ ചുമതലകളിൽപ്പെടുന്നതല്ലെന്ന് വിലയിരുത്തി. അതിനാൽ, 'ഇതിലേക്കായി' എന്ന വാക്ക് ഒഴിവാക്കി, 'ബോർഡിനുണ്ടാകുന്ന ഭരണപരമായ എല്ലാ ചെലവുകളും സർക്കാർ, വാർഷിക ഗ്രാന്റ് വഴി ബോർഡിന് നൽകേണ്ടതാണ് ' എന്നത് ഖണ്ഡിക 9-ലെ പൊതു വ്യവസ്ഥയിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

33. ഖണ്ഡിക 7-ൽ ബോർഡിന്റെ പൊതു ചുമതലകളെ കുറിച്ചാണ് വ്യവസ്ഥ ചെയ്തിട്ടുള്ളതെങ്കിലും ഖണ്ഡിക 7(3), 7(4) എന്നിവയിൽ ഏജൻസികളുടെ ചുമതലകളെ കുറിച്ചാണ് പ്രതിപാദിക്കുന്നതെന്ന് സമിതി വിലയിരുത്തി. അതിനാൽ ഖണ്ഡിക 7(3), 7(4) എന്നിവയിലെ വ്യവസ്ഥ ഖണ്ഡിക 8-ലെ ഏജൻസികളുടെ പൊതുചുമതലകളിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

34. ഖണ്ഡിക 7(5)-ലെ വ്യവസ്ഥ ബോർഡിന്റെ ചുമതലകളിൽപ്പെടാത്തതിനാൽ, പ്രസ്തുത വ്യവസ്ഥയിലെ 'ഇപ്രകാരം' എന്ന വാക്ക് ഒഴിവാക്കുന്നതിനും 'നിക്ഷേപം കൈമാറ്റം ചെയ്യപ്പെട്ട ഏജൻസിക്കോ അല്ലെങ്കിൽ നേരിട്ട് ബോർഡിനോ' എന്നത് 'ബോർഡിന് ' എന്നും മാറ്റം വരുത്തിക്കൊണ്ട് പ്രസ്തുത വ്യവസ്ഥ ഖണ്ഡിക 9-ലെ പൊതു വ്യവസ്ഥയിൽ ഉൾപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

35. ആക്ടിൽ 'നിക്ഷേപം' എന്ന വാക്കാണ് ഉപയോഗിച്ചിരിക്കുന്നതിനാൽ, ഖണ്ഡിക 7(6)-ലെ രണ്ടാം വരിയിലെ 'ഫണ്ടിന്' എന്നത് 'നിക്ഷേപത്തിന്' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

36. പ്രതിമാസ ഡിവിഡന്റ് അംഗം/ഗുണഭോക്താവിന് മാത്രമേ നൽകുവാൻ സാധിക്കൂ എന്നതിനാൽ ഖണ്ഡിക 7(7)-ലെ 'അല്ലെങ്കിൽ, അതത് സംഗതിപോലെ, അവരുടെ ഭാര്യ/ഭർത്താവിന്റെ' എന്നീ വാക്കുകൾ ഒഴിവാക്കികൊണ്ട്, 'ഏജൻസികളിൽ നിന്നും കൂടാതെ സർക്കാരിൽ നിന്നും ലഭിക്കുന്ന അനുവദനീയമായ പ്രതിമാസ ഡിവിഡന്റ്, അംഗം/ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് അപ്രകാരം ലഭ്യമാകുന്നതിന്റെ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ബോർഡ് അടയ്ക്കേണ്ടതാണ് ' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

37. പ്രതിമാസ ഡിവിഡന്റ് അംഗം/ഗുണഭോക്താവിന് മാത്രമേ നൽകുവാൻ സാധിക്കൂ എന്നതിനാൽ ഖണ്ഡിക 7(8)-ലെ 'അംഗം/ഗുണഭോക്താവ് അല്ലെങ്കിൽ, അതതു സംഗതിപോലെ, അവരുടെ ഭാര്യ/ ഭർത്താവിന്' എന്നത് 'അംഗം/ ഗുണഭോക്താവിന് ' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

38. ബോർഡിൽ നിന്നാണ് ഏജൻസി നിക്ഷേപം സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുന്നതിനായി ഖണ്ഡിക 8(1)-ലെ രണ്ടാം വരിയിലെ 'സ്വീകരിക്കുന്ന ഫണ്ടിന്റെ' എന്നത് 'ബോർഡിൽ നിന്നും സ്വീകരിക്കുന്ന നിക്ഷേപത്തിന്റെ' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

39. ഖണ്ഡിക 8(2)-ലെ ഒന്നാം വരിയിലെ 'ധനകാര്യവർഷം' എന്നത് 'സാമ്പത്തിക വർഷം' എന്നും രണ്ടാം വരിയിലെ 'അവർക്കു് ള ' എന്നത് 'അവർക്കുള്ള ' എന്നും മൂന്നാം വരിയിലെയും നാലാം വരിയിലെയും 'ബഡ്ജറ്റ് ' എന്നത് 'ബജറ്റ് ' എന്നും മൂന്നാം വരിയിലെ 'മാറ്റിവെയ്ക്കുവാൻ' എന്നത് 'മാറ്റിവയ്ക്കുവാൻ' എന്നും മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

40. ഖണ്ഡിക 8(3)-ലെ ഒന്നാം വരിയിലെ 'ഖണ്ഡത്തിന്റെ' എന്നത് 'ഖണ്ഡികയുടെ' എന്നും രണ്ടാം വരിയിലെ 'ഉപഖണ്ഡ' എന്നത് 'ഉപഖണ്ഡിക' എന്നും ഖണ്ഡിക 8(4)-ലെ ഒന്നാം വരിയിലെ 'സ്വീകരിക്കുന്്ന ' എന്നത് 'സ്വീകരിക്കുന്ന' എന്നും മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

41. പദ്ധതിയിൽ മാറ്റം വരുത്തുകയോ പിൻവലിക്കുകയോ ചെയ്താലും, നിക്ഷേപം നടത്തുന്ന സമയത്ത് ഉറപ്പ് നൽകിയിട്ടുള്ള നിരക്കിൽ പ്രതിമാസ ഡിവിഡന്റ് അംഗത്തിനോ/ഗുണഭോക്താവിനോ കിട്ടുമെന്ന് ഉറപ്പാക്കുന്നതിനായി, ഖണ്ഡിക 9(1)-ലെ 'പ്രസ്തുത പദ്ധതി തുടർന്നും ഉണ്ടായിരിക്കുന്നതും' എന്നതിനുശേഷം 'പ്രതിമാസ ഡിവിഡന്റ് നൽകുന്നതും' എന്നീ വാക്കുകൾ കൂടി ചേർക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

42. ഖണ്ഡിക 9(1)-ലെ '5-ാം ഖണ്ഡം' എന്നത് '5-ാം ഖണ്ഡിക' എന്നും '(3)-ാം ഉപഖണ്ഡ' എന്നത് '(3)-ാം ഉപഖണ്ഡിക' എന്നും മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

43. കൂടുതൽ നിക്ഷേപസൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനായി, ഖണ്ഡിക 9(2)-ലെ മൂന്നാം വരിയിലെ 'അയാൾക്ക് ദോഷകരമായ വിധത്തിൽ' എന്നീ വാക്കുകൾ ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

44. പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതിയിൽ നിക്ഷേപിക്കുന്ന തുക കേരളത്തിന്റെ അടിസ്ഥാനസൗകര്യ വികസനത്തിനായി വിനിയോഗിക്കുന്നതിനാൽ, പ്രസ്തുത നിക്ഷേപ തുകയേയും ഡിവിഡന്റ് തുകയേയും വരുമാന നികുതിയിൽ നിന്നും ഒഴിവാക്കിയാൽ കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിന് സാധിക്കുമെന്ന് സമിതി നിരീക്ഷിച്ചു. അതിനാൽ, പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതിയിൽ നിക്ഷേപിക്കുന്ന തുകയേയും ഡിവിഡന്റ് തുകയേയും വരുമാന നികുതിയിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

45. കേരളത്തിന്റെ അടിസ്ഥാനസൗകര്യ വികസനത്തിനായി 51 ലക്ഷം രൂപയിൽ കൂടുതൽ നിക്ഷേപം നടത്താൻ തയ്യാറാകുന്ന പ്രവാസികൾക്കായി, സർക്കാർ വിഹിതം ഒഴിവാക്കി, ഏജൻസി വിഹിതം മാത്രം ഉൾപ്പെടുത്തിക്കൊണ്ട് പുതിയൊരു പദ്ധതി നടപ്പാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

46. പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതിയിൽ കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിനായി, ദൃശ്യ-ശ്രവ്യ-അച്ചടി-സമൂഹ മാധ്യമങ്ങൾ വഴി വിദേശത്തും കേരളത്തിലും, പ്രസ്തുത ഡിവിഡന്റ് പദ്ധതിയെ കുറിച്ച് കൂടുതൽ പ്രചാരണം നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## എസ്.ആർ.ഒ. നമ്പർ 976/2019

***

47. 2019-ലെ പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതിയിലെ 1-ാം ഖണ്ഡിക 2-ാം ഉപഖണ്ഡിക പ്രകാരം നൽകപ്പെട്ട അധികാരം വിനിയോഗിച്ചുകൊണ്ട് 2019 സെപ്റ്റംബർ 19-ാം തീയതി പ്രവാസി ഡിവിഡന്റ് പദ്ധതി പ്രാബല്യത്തിൽ വന്നതായിട്ടുള്ളതാണ് എസ്.ആർ.ഒ. നമ്പർ 976/2019 [6-12-2019-ലെ സ.ഉ.(കൈ) നമ്പർ 21/2019/നോർക്ക – അനുബന്ധം II].

48. എസ്.ആർ.ഒ. നമ്പർ 976/2019-ന്റെ രണ്ടാം വരിയിലെ '2-ാം ഉപഖണ്ഡിക' എന്നത് '(2)-ാം ഉപഖണ്ഡിക' എന്നും മൂന്നാം വരിയിലെ 'പ്രവാസി ഡിവിഡന്റ് പദ്ധതി' എന്നത് 'പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതി' എന്നും മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

49. 2019-ലെ പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതിയുടെ രൂപീകരണവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവ് നമ്പരും തീയതിയും എസ്.ആർ.ഒ. നമ്പരും ഗസറ്റ് വിജ്ഞാപന നമ്പരും തീയതിയും ഏതാണെന്ന് എസ്.ആർ.ഒ. നമ്പർ 976/2019-ൽ ഉൾപ്പെടുത്തേണ്ടതായിരുന്നുവെന്ന് സമിതി വിലയിരുത്തി. <u>പ്രസ്തുത വിവരങ്ങൾ കൂടി ചേർത്ത് എസ്.ആർ.ഒ. നമ്പർ 976/2019-ൽ മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

**എസ്.ആർ.ഒ. നമ്പർ 445/2020**

**എസ്.ആർ.ഒ. നമ്പർ 446/2020**

***

50. 2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്റ്റിലെ (2009-ലെ 10) 9-ഉം 10-ഉം വകുപ്പുകൾ പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് കേരള പ്രവാസി കേരളീയരുടെ ക്ഷേമ ബോർഡ് പുനഃസംഘടിപ്പിച്ചുകൊണ്ടുള്ളതാണ് എസ്.ആർ.ഒ. നമ്പർ 445/2020 [12-5-2020-ലെ സ.ഉ. (കൈ.) നമ്പർ 7/2020/നോർക്ക - അനുബന്ധം III]. മലയാളത്തിലുള്ള പ്രസ്തുത എസ്.ആർ.ഒ.-യുടെ ഇംഗ്ലീഷ് തർജ്ജമ വിജ്ഞാപനം ചെയ്യുന്നതിനായി, പുതിയൊരു സർക്കാർ ഉത്തരവ് [12-5-2020-ലെ സ.ഉ. (കൈ.) നമ്പർ 6/2020/നോർക്ക - അനുബന്ധം IV] മുഖേന, പുതിയൊരു എസ്.ആർ.ഒ. (446/2020) ആയിട്ടാണ് പ്രസിദ്ധീകരിച്ചിരിക്കുന്നതെന്ന് സമിതി നിരീക്ഷിച്ചു. <u>മലയാളത്തിലുള്ള സർക്കാർ ഉത്തരവും അതിന്റെ ഇംഗ്ലീഷ് തർജ്ജമയും ഒറ്റ സർക്കാർ ഉത്തരവിൽ, ഒറ്റ എസ്.ആർ.ഒ. നമ്പരിൽ തന്നെ പ്രസിദ്ധീകരിക്കേണ്ടതായിരുന്നുവെന്നും ഒരു കാര്യത്തിനായി രണ്ട് സർക്കാർ ഉത്തരവും രണ്ട് എസ്.ആർ.ഒ. നമ്പരും ഉള്ളത് ക്രമപ്രകാരമല്ലെന്നും വിലയിരുത്തിയ സമിതി, രണ്ടാമത്തെ എസ്.ആർ.ഒ. നമ്പർ 446/2020 റദ്ദാക്കണമെന്ന് ശിപാർശ ചെയ്യുന്നു.</u>

51. ആക്റ്റിലെ വകുപ്പ് 10(1) പ്രകാരം, കേരള പ്രവാസി കേരളീയരുടെ ക്ഷേമ ബോർഡിലെ ഒരു എക്സ്-ഒഫീഷ്യോ ഡയറക്ടർ ഒഴികെയുള്ള ഡയറക്ടറുടെ ഔദ്യോഗിക കാലാവധി മൂന്ന് വർഷക്കാലമായിരിക്കുന്നതാണെന്ന് സമിതി നിരീക്ഷിച്ചു. <u>ബോർഡിലെ ഡയറക്ടർമാരുടെ മൂന്ന് വർഷ കാലാവധി കണക്കാക്കുന്നത് ഏത് തീയതി അടിസ്ഥാനമാക്കിയാണെന്ന് ആക്റ്റിൽ വ്യക്തമല്ലാത്തതിനാൽ, ഡയറക്ടർമാരുടെ പേര് ഉൾപ്പെടുത്തികൊണ്ടുള്ള ഉത്തരവ് ഗസറ്റ് വിജ്ഞാപനം ചെയ്യുന്ന തീയതി മുതൽ മൂന്ന് വർഷക്കാലമായിരിക്കുമെന്ന് ആക്റ്റിൽ ഭേദഗതി വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു</u>.

52. കേരള പ്രവാസി കേരളീയരുടെ ക്ഷേമ ബോർഡ് പുനഃസംഘടിപ്പിച്ചുകൊണ്ടുള്ള ഉത്തരവിന് (എസ്.ആർ.ഒ. നമ്പർ 445/2020) ഗസറ്റ് വിജ്ഞാപന തീയതിക്ക് (1-7-2020) പകരം, മുൻ ബോർഡിന്റെ കാലാവധി അവസാനിച്ചതിന്റെ അടുത്ത ദിവസമായ 2020 മാർച്ച് 29-ാം തീയതി മുതൽ മുൻകാല പ്രാബല്യം നൽകിയതും 29-3-2020 മുതൽ 30-6-2020 വരെയുള്ള ആനുകൂല്യങ്ങൾ നൽകിയതും ക്രമപ്രകാരമല്ലെന്ന് സമിതി വിലയിരുത്തി. കേരള പ്രവാസി കേരളീയരുടെ ക്ഷേമ ബോർഡ് പുനഃസംഘടിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് ഭാവിയിൽ ഗസറ്റ് വിജ്ഞാപനം ചെയ്യുമ്പോൾ, ഗസറ്റ് വിജ്ഞാപനം ചെയ്യുന്ന തീയതി മുതൽ ബോർഡ് പ്രാബല്യത്തിൽ വരുന്ന വിധത്തിലായിരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

53. ആക്റ്റിലെ വകുപ്പ് 10(1) പ്രകാരം, ഡയറക്ടർമാരെയാണ് കേരള പ്രവാസി കേരളീയരുടെ ക്ഷേമ ബോർഡിൽ നിയമിക്കേണ്ടതെന്ന് സമിതി നിരീക്ഷിച്ചു. അതിനാൽ, ആറാം വരിയിലെ 'അംഗങ്ങളെ' എന്ന വാക്ക് 'ഡയറക്ടർമാരെ' എന്ന് മാറ്റം വരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

54. പ്രവാസികൾക്ക് സാമ്പത്തിക സുരക്ഷയോടൊപ്പം സാമൂഹ്യപരിരക്ഷയും ഉറപ്പാക്കുന്ന പദ്ധതിയാണ് പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതി. സമിതിയുടെ നിർദ്ദേശങ്ങളും ശിപാർശകളും നടപ്പാക്കുന്നതിലൂടെയും പദ്ധതി കൂടുതൽ ഗുണപ്രദമാക്കുന്നതിലൂടെയും ജീവിത യൗവ്വനത്തിന്റെ നല്ലഭാഗവും അന്യദേശത്ത് വസിക്കേണ്ടിവരുന്ന പ്രവാസികൾക്കും അവരുടെ കുടുംബത്തിനും പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതി വളരെയേറെ പ്രയോജന പ്രദമാകുമെന്ന് സമിതി പ്രത്യാശിക്കുന്നു.

എം. എം. മണി,<br>*അദ്ധ്യക്ഷൻ,*<br>സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി.

തിരുവനന്തപുരം,<br>2022 ജൂലൈ 14.

അനുബന്ധം I

©
കേരള സർക്കാർ
Government of Kerala
2019

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 8<br>Vol. VIII | തിരുവനന്തപുരം,<br>വ്യാഴം<br>Thiruvananthapuram,<br>Thursday | 2019 സെപ്റ്റംബർ 19<br>19th September 2019<br>1195 കന്നി 3<br>3rd Kanni 1195<br>1941 ഭാദ്രം 28<br>28th Bhadra 1941 | നമ്പർ<br>No. | 2187 |

### കേരള സർക്കാർ

കേരളീയ പ്രവാസികാര്യ (എ) വകുപ്പ്

### വിജ്ഞാപനം

സ. ഉ. (കൈ.) നമ്പർ 12/2019/നോർക്ക. *തിരുവനന്തപുരം, 2019 സെപ്റ്റംബർ 2.*
(അനുബന്ധം)
എസ്. ആർ. ഒ. നമ്പർ 650/2019

2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ഓർഡിനൻസ് (2019-ലെ 25-ാം നമ്പർ ഓർഡിനൻസ്) പ്രകാരം ഭേദഗതി ചെയ്യപ്പെട്ട 2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്ടിലെ (2009-ലെ 10-ാം ആക്ട്) 8 എ വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് കേരള സർക്കാർ താഴെപ്പറയുന്ന പ്രകാരം ഒരു പദ്ധതി രൂപീകരിക്കുന്നു, അതായത്:—

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## പദ്ധതി

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ പദ്ധതിക്ക് 2019-ലെ പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതി എന്ന് പേര് പറയാം.

(2) ഇത് ഗസറ്റ് വിജ്ഞാപന പ്രകാരം സർക്കാർ നിശ്ചയിക്കുന്ന തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.— (1) ഈ പദ്ധതിയിൽ സന്ദർഭം മറ്റ് വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "ആക്റ്റ്" എന്നാൽ 2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്റ്റ് (2009-ലെ 10) എന്ന് അർത്ഥമാകുന്നു;

(ബി) "ഏജൻസി" എന്നാൽ ഈ പദ്ധതിയിൻ കീഴിൽ നിക്ഷേപം സ്വീകരിക്കുന്നതിലേക്കായി സർക്കാരിനാൽ നിശ്ചയിച്ചിട്ടുള്ള ഏജൻസി എന്നർത്ഥമാകുന്നു;

(സി) "ബോർഡ്" എന്നാൽ ആക്റ്റിലെ 9-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട കേരള പ്രവാസി കേരളീയരുടെ ക്ഷേമ ബോർഡ് എന്ന് അർത്ഥമാകുന്നു;

(ഡി) "ഗുണഭോക്താവ്" എന്നാൽ ഒരംഗം നിക്ഷേപിച്ച തുകയുടെ ഗുണം ലഭിക്കുന്ന ആ അംഗമോ ആ അംഗത്തിന്റെ കാലശേഷം ആ വ്യക്തിയുടെ ജീവിച്ചിരിക്കുന്ന ഭാര്യ/ഭർത്താവ് എന്ന് അർത്ഥമാകുന്നു;

(ഇ) "നിക്ഷേപം" എന്നാൽ 4-ാം ഖണ്ഡം (1)-ാം ഉപഖണ്ഡ പ്രകാരം പദ്ധതിയിൽ അംഗം/ഗുണഭോക്താവ് ആകുന്നതിലേക്കായി നിക്ഷേപിക്കുന്ന തുക എന്ന് അർത്ഥമാകുന്നു;

(എഫ്) "ഡിവിഡന്റ് വരുമാനം" എന്നാൽ ഈ പദ്ധതി പ്രകാരം സർക്കാർ നിശ്ചയിച്ചിരിക്കുന്ന ഏജൻസികൾക്ക് കൈമാറ്റം ചെയ്യുന്ന നിക്ഷേപത്തിന് പ്രസ്തുത ഏജൻസികൾ ബോർഡിന് നൽകേണ്ടതായ തുകയും സർക്കാരിന്റെ വിഹിതവും ചേർത്ത് പദ്ധതിയിലെ അംഗങ്ങൾ/ഗുണഭോക്താക്കൾക്ക് ഏറ്റവും കുറഞ്ഞ ഉറപ്പായ ഡിവിഡന്റ് അനുവദിക്കുന്നതിലേക്കായി ബോർഡിന് അനുവദിച്ചു കിട്ടുന്ന തുക എന്നർത്ഥമാകുന്നു;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(ജി) "അംഗം" എന്നാൽ പദ്ധതിയിൽ തുക നിക്ഷേപിക്കുന്ന വ്യക്തി എന്നർത്ഥമാകുന്നു. എന്നാൽ വ്യക്തികൾക്കുവേണ്ടി തുക നിക്ഷേപിക്കുന്ന തൊഴിൽ ഉടമകൾ/സംരംഭകർ അംഗമോ ഗുണഭോക്താവോ ആയിരിക്കുന്നതല്ല. അത്തരം സംഗതികളിൽ ആർക്കുവേണ്ടിയാണോ തുക നിക്ഷേപിക്കുന്നത് പ്രസ്തുത വ്യക്തി പദ്ധതിയിലെ അംഗമാകുന്നതാണ്.

(എച്ച്) "പ്രവാസി" എന്നാൽ എല്ലാ പ്രവാസീയരായ കേരളീയരും എന്നർത്ഥമാകുന്നു. ഇതിൽ വിദേശത്ത് ജോലി ചെയ്യുന്നതോ ജോലി ചെയ്തതിനുശേഷം തിരിച്ചുവന്ന് കേരളത്തിൽ സ്ഥിരതാമസമാക്കിയവരും ഇന്ത്യയിലെ ഏതെങ്കിലും സംസ്ഥാനത്തോ കേന്ദ്ര ഭരണ പ്രദേശത്തോ ജോലി ചെയ്യുന്നതും സ്ഥിരതാമസമാക്കിയവരും ആയ കേരളീയരും ഉൾപ്പെടുന്നു;

(2) ഈ പദ്ധതിയിൽ ഉപയോഗിച്ചിട്ടുള്ളതും പക്ഷെ നിർവ്വചിച്ചിട്ടില്ലാത്തതും എന്നാൽ ആക്റ്റിലും ചട്ടങ്ങളിലും ക്ഷേമ പദ്ധതികളിലും നിർവ്വചിച്ചിട്ടുള്ളതുമായ വാക്കുകൾക്കും പ്രയോഗങ്ങൾക്കും യഥാക്രമം ആക്റ്റിലും ചട്ടങ്ങളിലും ക്ഷേമ പദ്ധതികളിലും അവയ്ക്ക് നൽകിയിട്ടുള്ള അർത്ഥം തന്നെ ആയിരിക്കുന്നതാണ്.

3. പദ്ധതി ആർക്കൊക്കെ ബാധകമാകുമെന്ന്.—ഈ പദ്ധതി എല്ലാ പ്രവാസികൾക്കും ബാധകമാകുന്നതാണ്:

എന്നാൽ, ഒരു അംഗത്തിന്റെ കാലശേഷം പദ്ധതിയിൻ കീഴിൽ ഗുണം ലഭിക്കുന്ന ഭാര്യ/ഭർത്താവ് പ്രവാസിയായിരിക്കണമെന്നില്ല.

4. പദ്ധതിയിലെ നിക്ഷേപം.—(1) ഏതൊരു പ്രവാസിക്കും ഏറ്റവും കുറഞ്ഞത് മൂന്നു ലക്ഷം രൂപ നിക്ഷേപിച്ചുകൊണ്ട് പദ്ധതിയിലെ അംഗവും/ഗുണഭോക്താവും ആകാവുന്നതാണ്. ഒരംഗത്തിന്/ഗുണഭോക്താവിന് നിക്ഷേപിക്കാവുന്ന കൂടിയ തുക അൻപത്തിയൊന്നു ലക്ഷം രൂപയായിരിക്കും. നിക്ഷേപം ലക്ഷം രൂപയുടെ ഗുണിതങ്ങളായിരിക്കേണ്ടതാണ്.

(2) തൊഴിൽ ഉടമകൾക്കും സംരംഭകർക്കും അവരുടെ പ്രവാസി തൊഴിലാളികൾക്ക് വേണ്ടി നിക്ഷേപങ്ങൾ നടത്താവുന്നതും എന്നാൽ തൊഴിൽ ഉടമ/സംരംഭകർ അംഗമോ ഗുണഭോക്താവോ ആകുന്നതല്ലാത്തതുമാകുന്നു. അത്തരം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സംഗതികളിൽ ഡിവിഡന്റിനുള്ള അർഹത അതാത് തൊഴിലാളി അംഗം/ഗുണഭോക്താവ് ആയിരിക്കുന്നതാണ്.

(3) നിക്ഷേപത്തിന്റെ ആദ്യ മൂന്ന് വർഷക്കാലയളവിൽ അംഗങ്ങൾക്കോ ഗുണഭോക്താക്കൾക്കോ യാതൊരു ഡിവിഡന്റും ലഭിക്കുന്നതല്ല.

5. <u>പദ്ധതിയിൽ നിന്നുള്ള ഡിവിഡന്റ്.</u>—(1) ഓരോ അംഗവും നിക്ഷേപിച്ച തുകയ്ക്ക് ആദ്യത്തെ മൂന്ന് വർഷങ്ങൾ കൊണ്ട് അതിനോട് കൂടി ചേരുന്നതുമായ ഡിവിഡന്റ് ഉൾപ്പെടെയുള്ള തുകയുടെ പത്ത് ശതമാനം വാർഷിക നിരക്കിലുള്ള ഡിവിഡന്റ്, നിക്ഷേപ തീയതി മുതൽ മൂന്നു വർഷം പൂർത്തിയാകുന്ന തീയതി മുതൽ അംഗത്തിന്റെ ജീവിത കാലം മുഴുവൻ, പ്രതിമാസം നൽകേണ്ടതാണ്.

(2) അംഗത്തിന്റെ കാലശേഷം ഡിവിഡന്റ്, അംഗത്തിന്റെ ഭാര്യ/ഭർത്താവിന് പ്രസ്തുത വ്യക്തിയുടെ ജീവിത കാലം മുഴുവനും നൽകേണ്ടതാണ്.

(3) അംഗം/ഗുണഭോക്താവിന്റെ അല്ലെങ്കിൽ അയാളുടെ ഭാര്യ/ഭർത്താവിന്റെ മരണം ഏതാണോ അവസാനം സംഭവിക്കുന്നത്, അതോടുകൂടി (1)-ഉം (2)ഉം ഉപഖണ്ഡങ്ങളിൽ പറയുന്ന പ്രതിമാസ ഡിവിഡന്റ് വിതരണം അവസാനിപ്പിക്കേണ്ടതാണ്. നോമിനി/അവകാശികൾ ബോർഡ് നിശ്ചയിച്ചിട്ടുള്ള രേഖകൾ സമർപ്പിക്കുന്ന തീയതി മുതൽ മുപ്പത് ദിവസങ്ങൾക്കുള്ളിൽ അംഗത്തിന്റെ നിക്ഷേപവും ആദ്യ മൂന്നു വർഷങ്ങളിൽ അതിനോട് കൂടി ചേർക്കപ്പെട്ട ഡിവിഡന്റും അവർക്ക് തിരികെ നൽകേണ്ടതാണ്. ഇപ്രകാരം നിക്ഷേപം തിരികെ നൽകാൻ സാധിക്കാത്തപക്ഷം നിക്ഷേപ തുക കൈവശം ഇരിക്കുന്ന ഏജൻസി നിക്ഷേപത്തിന് നൽകുന്ന തുക കൂടി പ്രസ്തുത നിക്ഷേപത്തോടൊപ്പം നോമിനി/അവകാശികൾക്ക് നൽകേണ്ടതാണ്.

6. <u>നിക്ഷേപത്തിനുള്ള വ്യവസ്ഥകൾ.</u>—(1) അംഗം/ഗുണഭോക്താവ് ഈ പദ്ധതി പ്രകാരമുള്ള നിക്ഷേപം യാതൊരു വിധത്തിലുള്ള വായ്പകൾക്ക് ജാമ്യമായോ മറ്റു വിധത്തിലുള്ള സെക്യൂരിറ്റിയായോ ഉപയോഗിക്കാൻ പാടില്ലാത്തതും ആയത് യാതൊരു തരത്തിലുള്ള ജപ്തി നടപടികൾക്ക് വിധേയമാക്കാൻ പാടില്ലാത്തതുമാണ്. ഇപ്രകാരം ഏതെങ്കിലും ജപ്തിക്കോ റിക്കവറികൾക്കോ വിധേയമാകുന്നപക്ഷം അംഗം/ഗുണഭോക്താവിന് ഡിവിഡന്റിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(2) നിക്ഷേപം, അംഗം/ഗുണഭോക്താവിന്റെ ജീവിതകാലത്തിൽ അല്ലെങ്കിൽ ഭാര്യ/ഭർത്താവിന്റെ ജീവിതകാലത്തിൽ, ഏതാണോ അവസാനം സംഭവിക്കുന്നത്, പിൻവലിക്കാൻ പാടില്ലാത്തതാകുന്നു.

7. ബോർഡിന്റെ പൊതു ചുമതലകൾ.—(1) ബോർഡ് നിക്ഷേപങ്ങൾ സ്വീകരിക്കുകയും ഡിവിഡന്റ് നൽകുകയും ചെയ്യേണ്ടതാണ്. ഇതിലേക്കായി ബോർഡിനുണ്ടാകുന്ന ഭരണപരമായ എല്ലാ ചെലവുകളും സർക്കാർ, വാർഷിക ഗ്രാന്റ് വഴി ബോർഡിന് നൽകേണ്ടതാണ്.

(2) ബോർഡ്, അംഗങ്ങളിൽ നിന്നും സ്വീകരിക്കുന്ന മുഴുവൻ നിക്ഷേപ തുകയും ബോർഡിന്റെ കൈവശം സൂക്ഷിക്കാതെ സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന ഏജൻസികളിലേക്ക് അതേ ദിവസം തന്നെ കൈമാറേണ്ടതാണ്.

(3) ഇപ്രകാരം നിക്ഷേപം കൈമാറ്റം ചെയ്ത് കിട്ടിയ ഏജൻസികൾ ഈ പദ്ധതി പ്രകാരം കൈമാറിയിട്ടുള്ള നിക്ഷേപത്തിന്റെ ഡിവിഡന്റ് പ്രതിമാസം ബോർഡിന് നൽകേണ്ടതാണ്. നിക്ഷേപം കൈമാറിയ തീയതി മുതൽ ആദ്യ മൂന്ന് വർഷ കാലയളവിലുള്ള ഡിവിഡന്റ് ആ മൂന്നു വർഷം പൂർത്തിയാകുന്നതുവരെ ഓരോ വർഷവും നിക്ഷേപത്തിൽ മുതൽകൂട്ടേണ്ടതും പ്രസ്തുത മൂന്ന് വർഷങ്ങൾക്കു ശേഷം ക്രെഡിറ്റിലുള്ള ആകെ തുകയുടെ പത്ത് ശതമാനം വാർഷിക നിരക്കിലുള്ള ഡിവിഡന്റ് അംഗം/ഗുണഭോക്താവിന് പ്രതിമാസം നൽകാൻ കഴിയുന്ന വിധത്തിൽ ആയത് ബോർഡിന് നൽകേണ്ടതുമാണ്.

(4) നിക്ഷേപം കൈമാറ്റം ചെയ്യപ്പെട്ടിട്ടുള്ള ഏജൻസികൾക്ക് അംഗം/ഗുണഭോക്താവിന് കാലാകാലങ്ങളിൽ പദ്ധതി പ്രകാരം ഉറപ്പുനൽകിയ നിരക്കിൽ ഡിവിഡന്റ് വരുമാനം ബോർഡിൽ അടയ്ക്കുവാൻ കഴിയാതെവരുന്നപക്ഷം പ്രസ്തുത വിവരം മുൻകൂട്ടി സർക്കാരിനേയും ബോർഡിനേയും രേഖാമൂലം അറിയിക്കേണ്ടതാണ്.

(5) ഇപ്രകാരം ഡിവിഡന്റ് വരുമാനത്തിൽ ഉണ്ടായേക്കാവുന്ന അത്തരം കുറവ് സർക്കാർ, നിക്ഷേപം കൈമാറ്റം ചെയ്യപ്പെട്ട ബന്ധപ്പെട്ട ഏജൻസിക്കോ അല്ലെങ്കിൽ നേരിട്ട് ബോർഡിനോ നൽകേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(6) ബോർഡ്, നിക്ഷേപം കൈമാറ്റം ചെയ്യപ്പെട്ട ഏജൻസികളിൽ നിന്ന് പദ്ധതി പ്രകാരം അവർക്ക് കൈമാറിയിട്ടുള്ള ഫണ്ടിന്, അവർ നൽകേണ്ടതായ തുകയും സർക്കാരിൽ നിന്നുമുള്ള വിഹിതവും ചേർത്ത് അംഗങ്ങൾ/ഗുണഭോക്താക്കൾക്ക് പ്രതിമാസ ഡിവിഡന്റ് നൽകേണ്ടതാണ്.

(7) ഏജൻസികളിൽ നിന്നും കൂടാതെ സർക്കാരിൽ നിന്നും ലഭിക്കുന്ന അനുവദനീയമായ പ്രതിമാസ ഡിവിഡന്റ് ബോർഡ്, അംഗം/ഗുണഭോക്താവിന്റെ അല്ലെങ്കിൽ, അതത് സംഗതിപോലെ, അവരുടെ ഭാര്യ/ഭർത്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് അപ്രകാരം ലഭ്യമാകുന്നതിന്റെ തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ അടയ്ക്കേണ്ടതാണ്.

(8) ബോർഡ്, ഏജൻസികൾക്ക് പ്രവാസികളിൽ നിന്നുള്ള നിക്ഷേപം സ്വീകരിച്ച് കൈമാറുന്നതിനും ഏജൻസികളിൽ നിന്നും സർക്കാരിൽ നിന്നും സ്വീകരിക്കുന്ന ഡിവിഡന്റ് വരുമാനം അംഗം/ഗുണഭോക്താവ് അല്ലെങ്കിൽ അതതുസംഗതിപോലെ, അവരുടെ ഭാര്യ/ഭർത്താവിന് പ്രതിമാസം വിതരണം ചെയ്യുന്നതിനുമുള്ള ഒരു കോ-ഓഡിനേറ്റർ മാത്രം ആയിരിക്കുന്നതാണ്.

8. <u>നിക്ഷേപം സ്വീകരിക്കുന്ന ഏജൻസികളുടെ പൊതുചുമതലകൾ.</u>—(1) ഈ പദ്ധതി പ്രകാരം സ്വീകരിക്കുന്ന ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച് തീരുമാനം എടുക്കാനുള്ള അധികാരം സർക്കാരിന്റെ പൊതുനിർദ്ദേശങ്ങൾക്ക് വിധേയമായി ഏജൻസികളിൽ നിക്ഷിപ്തമായിരിക്കും.

(2) ഏജൻസികൾ നടപ്പ് ധനകാര്യവർഷം ഉറപ്പാക്കിയ തുകയും കുറവുള്ളപക്ഷം, അതുൾപ്പെടെ അവർക്കുള്ള ബാധ്യതയും ഉൾപ്പെട്ട ഉറപ്പാക്കപ്പെട്ട ഡിവിഡന്റ് വരുമാനം ബഡ്ജറ്റ് പ്ലാൻ ഫണ്ടിൽ നിന്നും സർക്കാർ വിഹിതമായി മാറ്റിവെയ്ക്കുവാൻ ആവശ്യമായ വിഹിതം സർക്കാരിന് ഉൾക്കൊള്ളിക്കുന്നതിനുവേണ്ടി അവരുടെ ബഡ്ജറ്റ് നിർദ്ദേശങ്ങളുടെ ഭാഗമായി ഓരോ വർഷവും നിശ്ചിതസമയത്ത് സർക്കാരിനും ആയതിന്റെ പകർപ്പ് ബോർഡിനും നൽകേണ്ടതാണ്.

(3) ഏജൻസികൾ ബോർഡിന്റെ അപേക്ഷ പ്രകാരം 5-ാം ഖണ്ഡത്തിന്റെ (3)-ാം ഉപഖണ്ഡ പ്രകാരം ബോർഡിന് നിക്ഷേപങ്ങൾ തിരികെ നൽകാൻ സഹായകമാകുന്ന തരത്തിൽ തങ്ങളുടെ പക്കലുള്ള നിക്ഷേപം ബോർഡിന് തിരികെ നൽകേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(4) നിക്ഷേപം സ്വീകരിക്കുന്ന ഏജൻസികളിൽ നിന്നും സർക്കാരിൽ നിന്നുമുള്ള ഡിവിഡന്റ് എല്ലാ മാസവും നിശ്ചിത തീയതിക്കുള്ളിൽ തന്നെ ബോർഡിനും നിക്ഷേപകനും ലഭിക്കുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

9. പൊതു വ്യവസ്ഥകൾ.—(1) സർക്കാരിനും ഏജൻസികൾക്കും ഏതുസമയത്തും പദ്ധതിയിലെ അംഗങ്ങളുടെ താല്പര്യം പരിരക്ഷിച്ചുകൊണ്ട് ശരിയായ നോട്ടീസ് നൽകിയ ശേഷം പദ്ധതിയിൽ മാറ്റം വരുത്തുകയോ പിൻവലിക്കുകയോ ചെയ്യാവുന്നതാണ്:

എന്നാൽ ഇപ്രകാരം മാറ്റം വരുത്തിയാലും നിലവിലുണ്ടായിരുന്ന പദ്ധതിയിൽ അംഗമായിരിക്കുന്നവർക്ക്, അവസാനത്തെ അംഗം/ഗുണഭോക്താവിന്റെ മരണംവരെയും പ്രസ്തുത പദ്ധതി തുടർന്നും ഉണ്ടായിരിക്കുന്നതും 5-ാം ഖണ്ഡം (3)-ാം ഉപഖണ്ഡ പ്രകാരം നോമിനിക്ക്/നിയമാനുസൃത അവകാശിക്ക് നിക്ഷേപം തിരികെ ലഭിക്കുവാൻ അർഹതയുണ്ടായിരിക്കുന്നതുമാണ്.

(2) സർക്കാരിന് ഡിവിഡന്റിന്റെ നിരക്ക് ഉൾപ്പെടെയുള്ള എല്ലാ വ്യവസ്ഥകളും ഭേദഗതി ചെയ്യാവുന്നതാണ്. എന്നാൽ ഒരാൾ നിക്ഷേപം നടത്തുന്ന സമയത്ത് ഉറപ്പുനൽകിയിട്ടുള്ള ഡിവിഡന്റ് നിരക്കിൽ അയാൾക്ക് ദോഷകരമായ വിധത്തിൽ കുറവ് വരുത്തുവാൻ പാടുള്ളതല്ല.

(3) പദ്ധതിയുടെ പ്രവർത്തനം വർഷത്തിലൊരിക്കൽ ബോർഡ് അതിന്റെ യോഗത്തിൽ വിലയിരുത്തേണ്ടതാണ്. പ്രവർത്തന റിപ്പോർട്ടും ഓഡിറ്റ് ചെയ്ത വാർഷിക കണക്കുകളും റിപ്പോർട്ടും ഓരോ സാമ്പത്തിക വർഷവും അവസാനിച്ചതിനുശേഷം തൊട്ടടുത്ത ആറുമാസത്തിനുള്ളിൽ ബോർഡിന് അതിന്റെ യോഗത്തിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സമർപ്പിക്കേണ്ടതാണ്. പദ്ധതിയുടെ പ്രവർത്തനത്തിൽ എന്തെങ്കിലും പോരായ്മകൾ കണ്ടെത്തുന്നപക്ഷം സർക്കാരുമായും ബന്ധപ്പെട്ട നിക്ഷേപ ഏജൻസിയുമായും ഏകോപിച്ച് പോരായ്മകൾ നികത്തുന്നതിനുള്ള നടപടികൾ ബോർഡ് സ്വീകരിക്കേണ്ടതും നിക്ഷേപത്തിന്റെ സുരക്ഷിതത്വം സർക്കാർ ഉറപ്പുവരുത്തേണ്ടതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ഡോ. കെ. ഇളങ്കോവൻ,
*പ്രിൻസിപ്പൽ സെക്രട്ടറി.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാകുന്നു.)

2019-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ഓർഡിനൻസ് (2019-ലെ 25-ാം ഓർഡിനൻസ്) പ്രകാരം ഭേദഗതി ചെയ്യപ്പെട്ട 2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്റ്റിലെ (2009-ലെ 10) 8 എ വകുപ്പ് പ്രവാസി കേരളീയരിൽ നിന്ന് നിക്ഷേപങ്ങൾ സ്വീകരിക്കുന്നതിനും ആയത് സർക്കാർ നിശ്ചയിച്ചിട്ടുള്ള പ്രകാരം വിനിയോഗിച്ചതിന്റെ ഫലമായി കിട്ടുന്ന തുകയും സർക്കാർ വിഹിതവും ചേർത്ത് നിക്ഷേപകന് പ്രതിമാസ ഡിവിഡന്റ് നൽകുന്ന പദ്ധതി രൂപീകരിക്കുന്നതിനും സർക്കാരിന് അധികാരം നൽകുന്നു. ഇക്കാര്യം സർക്കാർ വിശദമായി പരിശോധിക്കുകയും ആവശ്യമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ച് പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതി രൂപീകരിക്കുന്നതിനും തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

# കേരള സർക്കാർ

## സംഗ്രഹം

കേരളീയ പ്രവാസികാര്യ വകുപ്പ്—കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ്—പ്രവാസി ഡിവിഡന്റ് പദ്ധതി—മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

കേരളീയ പ്രവാസികാര്യ (എ) വകുപ്പ്

സ.ഉ.(കൈ.) നമ്പർ 12/2019/നോർക്ക. *തിരുവനന്തപുരം, 2019 സെപ്റ്റംബർ 2.*

---

പരാമർശം: — 1. 22-10-2018-ലെ സ.ഉ. (സാധാ) നമ്പർ 596/2018/നോർക്ക.

2. 6-7-2019-ലെ കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ എസ് 14/KNRKWB/176/DP/2018 നമ്പർ കത്ത്.

3. 30-8-2019-ലെ സ.ഉ.(കൈ) നമ്പർ 11/2019/നോർക്ക.

## ഉത്തരവ്

പ്രവാസി മലയാളികൾക്ക് ഒരു നിശ്ചിത വരുമാനം ലഭിക്കുന്ന രീതിയിൽ കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണ് പ്രവാസി ഡിവിഡന്റ് പദ്ധതി. പ്രവാസികൾ ഒരു നിശ്ചിത തുക പ്രവാസി ക്ഷേമ ബോർഡ് മുഖേന നിക്ഷേപിക്കുകയും മൂന്ന് വർഷത്തിനുശേഷം പ്രവാസിക്കോ അയാളുടെ അവകാശിക്കോ നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ നിശ്ചിത തുക മാസ വരുമാനമായി നൽകുക എന്നതാണ് പദ്ധതിയിലൂടെ ലക്ഷ്യം വയ്ക്കുന്നത്.

പരാമർശം 2-ലെ കത്ത് പ്രകാരം കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ പ്രവാസി ഡിവിഡന്റ് പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കി സമർപ്പിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചുകൊണ്ട് താഴെപ്പറയുന്ന ഉത്തരവുകൾ പുറപ്പെടുവിക്കുന്നു:

1. പ്രവാസി ഡിവിഡന്റ് പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് അനുബന്ധമായി ചേർക്കുന്നു.
2. പ്രവാസി ഡിവിഡന്റ് പദ്ധതിയുടെ നടത്തിപ്പിനുള്ള സർക്കാർ ഏജൻസിയായി കിഫ്ബി (KIIFB)-യെ ചുമതലപ്പെടുത്തുന്നു.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

3. ഡിവിഡന്റ് സംബന്ധിച്ച് KIIFB-യും കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡും തമ്മിൽ ഒരു ധാരണാപത്രം ഒപ്പിടുന്നതായിരിക്കും.
4. 2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്ടിൽ ഇതിനനുസൃതമായ ഭേദഗതികൾ വരുത്തുന്നതാണ്.
5. ഈ ഉത്തരവിന്റെ വെളിച്ചത്തിൽ പരാമർശം (1)-ലെ ഉത്തരവ് ഭേദഗതികളോടെ നിലനിൽക്കുന്നതും പരാമർശം (3)-ലെ ഉത്തരവ് റദ്ദാകുന്നതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ഡോ. കെ. ഇളങ്കോവൻ,
*പ്രിൻസിപ്പൽ സെക്രട്ടറി.*

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ്.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം.
ധനകാര്യ (PUC-1) വകുപ്പ്.
നിയമ വകുപ്പ്.
പൊതുഭരണ (എസ്.സി.) വകുപ്പ് (Ref: Item No. 3321 dated 29-8-2019).
വിവര പൊതുജന സമ്പർക്ക വകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESS
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2019

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by SHEELA M G
Date:2019.09.19 10:34:02 +05:30

അനുബന്ധം II

©
കേരള സർക്കാർ
Government of Kerala
2019

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 8 Vol. VIII | തിരുവനന്തപുരം, തിങ്കൾ Thiruvananthapuram, Monday | 2019 ഡിസംബർ 16 16th December 2019<br>1195 വൃശ്ചികം 30 30th Vrishchikam 1195<br>1941 അഗ്രഹായനം 25 25th Agrahayana 1941 | നമ്പർ No. 3105 |

കേരള സർക്കാർ

**കേരളീയ പ്രവാസികാര്യ (എ) വകുപ്പ്**

വിജ്ഞാപനം

സ.ഉ.(കൈ) നമ്പർ 21/2019/നോർക്ക — *2019 ഡിസംബർ, 6*

തിരുവനന്തപുരം

എസ്. ആർ. ഒ. നമ്പർ 976/2019

2019-ലെ പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതിയിലെ 1-ാം ഖണ്ഡിക 2-ാം ഉപഖണ്ഡിക പ്രകാരം നൽകപ്പെട്ട അധികാരം വിനിയോഗിച്ചു കൊണ്ട് കേരള

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സർക്കാർ 2019 സെപ്റ്റംബർ മാസം 19-ാം തീയതി പ്രവാസി ഡിവിഡന്റ് പദ്ധതി പ്രാബല്യത്തിൽ വരുന്ന തീയതിയായി ഇതിനാൽ നിശ്ചയിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

*സത്യജിത്ത് രാജൻ*
**അഡീഷണൽ ചീഫ് സെക്രട്ടറി**

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2019-ലെ പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതിയിലെ 1-ാം ഖണ്ഡിക 2-ാം ഉപഖണ്ഡികയിൽ പ്രസ്തുത പദ്ധതി സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി നിശ്ചയിക്കുന്ന തീയതിയിൽ പ്രാബല്യത്തിൽ വരുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതി ഗസറ്റിൽ വിജ്ഞാപനം ചെയ്ത തീയതിയായ 2019 സെപ്റ്റംബർ 19 പ്രസ്തുത പദ്ധതിയുടെ പ്രാബല്യത്തീയതിയായി നിശ്ചയിക്കുവാൻ സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESS
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2019

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by SHEELA K
Date:2019.12.18 06:20:20 +0

851/2022.

അനുബന്ധം III

©
കേരള സർക്കാർ
Government of Kerala
2020

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 9 Vol. IX | തിരുവനന്തപുരം, ബുധൻ Thiruvananthapuram, Wednesday | 2020 ജൂലൈ 01 01st July 2020 1195 മിഥുനം 17 17th Mithunam 1195 1942 ആഷാഢം 10 10th Ashadha 1942 | നമ്പർ No. | 1637 |

കേരള സർക്കാർ

**കേരളീയ പ്രവാസികാര്യ (എ) വകുപ്പ്**

വിജ്ഞാപനം

സ.ഉ.(കൈ.)നമ്പർ 7/2020/നോർക്ക

മെയ് 12, 2020

തിരുവനന്തപുരം

എസ്. ആർ. ഒ. നമ്പർ **445/2020** 2008-ലെ പ്രവാസി കേരളീയരുടെ ക്ഷേമ ആക്ടിലെ (2009-ലെ 10) 9-ഉം 10-ഉം വകുപ്പുകൾ പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് 2017 മാർച്ച് 28-ാം തീയതിയിലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 2/2017/നോർക്ക പ്രകാരം പുറപ്പെടുവിച്ചതും 2017 മാർച്ച് 29-ാം തീയതിയിലെ 613-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 157/2017 ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപനം അതിലംഘിച്ചുകൊണ്ട് കേരള സർക്കാർ, ചുവടെ പട്ടികയിൽ പറയുന്ന അംഗങ്ങളെ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഉൾപ്പെടുത്തി കേരള പ്രവാസി കേരളീയരുടെ ക്ഷേമ ബോർഡ് പുനഃസംഘടിപ്പിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു, അതായത്:-

**പട്ടിക**

**I. പ്രവാസി കേരളീയർ (വിദേശം) പ്രതിനിധീകരിക്കുന്ന ഡയറക്ടർമാർ**

(1) ശ്രീ. എൻ. അജിത് കുമാർ, ഫ്ളാറ്റ് നമ്പർ 9, ഫ്ളോർ 3, ബിൽഡിംഗ് നമ്പർ 12, സ്ട്രീറ്റ് നമ്പർ 5, ബ്ലോക്ക് 2, അബുഹലീഫ, കുവൈറ്റ്.

(2) ശ്രീ ജോർജ്ജ് വർഗ്ഗീസ്, പി. ബി. നമ്പർ 60571, ദമാം-31555, കെ.എസ്.എ.

(3) ശ്രീ. ആർ. പി. മുരളി, ഷാർജ, യു. എ. ഇ. (muralyputuveil@gmail.com)

(4) ശ്രീ. പി. എം. ജാബിർ, പി. ബി. നമ്പർ 48, വാടികബിർ, മസ്കറ്റ്, സുൽത്താനേറ്റ് ഓഫ് ഒമാൻ.

(5) ശ്രീ. കെ. കെ. ശങ്കരൻ, പി. ബി. നമ്പർ 2701, ദോഹ, ഖത്തർ.

**II. പ്രവാസി കേരളീയർ (ഭാരതം) പ്രതിനിധീകരിക്കുന്ന ഡയറക്ടർമാർ**

(6) ശ്രീ. എൻ.വി. ബാദുഷ, വടയിൽ വീട്, കടലുണ്ടി പി.ഒ., കോഴിക്കോട്-673 302.

(7) ശ്രീ. കെ. സി. സജീവ്, നിലയ്ക്കൽ വീട്, നിലയ്ക്കൽ ജംഗ്ഷൻ, തൈക്കാട്, പിരപ്പൻകോട് പി.ഒ., തിരുവനന്തപുരം-695 607.

**III. സർക്കാരിനെ പ്രതിനിധീകരിക്കുന്ന ഡയറക്ടർമാർ**

(8) ശ്രീ. പി. ടി. കുഞ്ഞുമുഹമ്മദ്, കൊച്ചുള്ളിയിൽ വീട്, പഞ്ചാരമുക്ക് പി.ഒ., ഗുരുവായൂർ, തൃശ്ശൂർ.

(9) സെക്രട്ടറി, നോർക്ക വകുപ്പ്.

(10) സെക്രട്ടറി, നിയമ വകുപ്പ്.

(11) സെക്രട്ടറി, തൊഴിൽ വകുപ്പ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(12) അഡീഷണൽ സെക്രട്ടറി, ധനകാര്യ വകുപ്പ്.

(13) മാനേജിംഗ് ഡയറക്ടർ, ഒ. ഡി. ഇ. പി. സി.

(14) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ്.

(15) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, നോർക്ക റൂട്ട്സ്.

പ്രസ്തുത ആക്ടിലെ 9-ാം വകുപ്പ് (4)-ാം ഉപവകുപ്പ് പ്രകാരം ശ്രീ. പി.ടി. കുഞ്ഞുമുഹമ്മദ്, കൊച്ചുള്ളിയിൽ വീട്, പഞ്ചാരമുക്ക് പി.ഒ., ഗുരുവായൂർ, തൃശ്ശൂർ-നെ കേരള പ്രവാസി കേരളീയരുടെ ക്ഷേമ ബോർഡിന്റെ ചെയർമാനായി ഇതിനാൽ നിയമിക്കുന്നു.

ഈ വിജ്ഞാപനം 2020 മാർച്ച് 29-ാം തീയതി മുതൽ പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**ഡോ. (കെ.) ഇളങ്കോവൻ,**
പ്രിൻസിപ്പൽ സെക്രട്ടറി.

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2017 മാർച്ച് 28-ാം തീയതിയിലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 02/2017/നോർക്ക പ്രകാരം പുറപ്പെടുവിച്ചതും, 2017 മാർച്ച് 29-ാം തീയതിയിലെ 613-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 157/2017 ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപനപ്രകാരം പുനഃസംഘടിപ്പിച്ച കേരള പ്രവാസി കേരളീയരുടെ ക്ഷേമ ബോർഡിന്റെ കാലാവധി 2020 മാർച്ച് 28-ന് അവസാനിച്ചിരുന്നു. ആയതിനാൽ 2020 മാർച്ച് 29-ാം തീയതി പ്രാബല്യത്തിൽ മുകളിൽ പറഞ്ഞിട്ടുള്ള ഡയറക്ടർമാരെ ഉൾപ്പെടുത്തി പ്രസ്തുത ബോർഡ് പുനഃസംഘടിപ്പിക്കാനും ഡയറക്ടർമാരിൽ ഒരാളായ ശ്രീ. പി. ടി. കുഞ്ഞുമുഹമ്മദിനെ പ്രസ്തുത ബോർഡിന്റെ ചെയർമാനായി നിയമിക്കുവാനും സർക്കാർ തീരുമാനിച്ചു.

(പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.)

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2020

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Salim A
Date:2020.07.01 07:21:15 +05:30

അനുബന്ധം IV

©
കേരള സർക്കാർ
Government of Kerala
2020

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 9<br>Vol. IX | തിരുവനന്തപുരം,<br>ബുധൻ<br>Thiruvananthapuram,<br>Wednesday | 2020 ജൂലൈ 01<br>01st July 2020<br>1195 മിഥുനം 17<br>17th Mithunam 1195<br>1942 ആഷാഢം 10<br>10th Ashadha 1942 | നമ്പർ<br>No. 1638 |

GOVERNMENT OF KERALA

**Non-Resident Keralites' Affairs (A) Department**

NOTIFICATION

G.O.(Ms.)No. 6/2020/NORKA.

*12th May, 2020*

*Thiruvananthapuram*

**S. R. O. No. 446/2020**

In exercise of the powers conferred by section 9 and 10 of the Non-Resident Keralites' Welfare Act, 2008 (10 of 2009) and in supersession of the notification issued under G.O.(Ms) No. 2/2017/NORKA dated 28th March 2017 and published as SRO No. 157/2017 in Kerala Gazette Extra Ordinary No. 613 dated 29th March 2017, Government of Kerala hereby reconstitute Kerala Non-Resident Keralites' Welfare Board with the following members as specified in the schedule given below, namely:-

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## SCHEDULE

### I. Directors representing the Non-Resident keralites (Abroad)

(1) Sri. N. Ajith kumar, Flat No. 9, Floor 3, Building No.12, Street No. 5, Block 2, Abuhaneefa, Kuwait.

(2) Sri. George Varghese, P. B. No. 60571, Damam-31555, K. S. A.

(3) Sri. R. P. Muraly, Sharjah, U. A. E. (muralyputuvelil@gmail.com)

(4) Sri. P. M. Jabir, P. B. No. 48, Vadikabir, Muscat, Sultanate of Oman.

(5) Sri. K. K. Sankaran, P. B. No.2701, Doha, Qatar.

### II. Directors representing the Non-Resident keralites (India)

(6) Sri. N. V. Badusha, Vadayil Veedu, Kadalundi P. O., Kozhikode-673 302.

(7) Sri. K. C. Sajeev, Nilakkal Veedu, Nilakkal Junction, Thaikkad, Pirappancode P. O., Thiruvananthapuram-695 607.

### III. Directors representing the Government

(8) Sri. P. T. KunjuNRKW Board Muhammed, Kochulliyil Veedu, Pancharamukku P.O., Guruvayoor, Thrissur.

(9) The Secretary, NORKA Department.

(10) The Secretary, Law Department.

(11) The Secretary, Labour Department.

(12) The Additional Secretary, Finance Department.

(13) The Managing Director, Overseas Development and Employment Promotion Council Ltd.

(14) Chief Executive Officer, Kerala Non-Resident Keralites' Welfare Board.

(15) Chief Executive Officer, Norka Roots.
NRKW Board

As per sub Section (4) of Section 9 of the said Act, Sri. P.T. Kunju Muhammed, Kochulliyil Veedu, Pancharamukku P.O.,

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Guruvayoor, Thrissur is appointed as the Chairman of the Kerala Non-Resident Keralites' Welfare Board.

This notification shall be deemed to have come into force on 29th March 2020.

By Order of the Governor,

**Dr.K.Ellangovan,**
*Principal Secretary to Government*

**Explanatory Note**

(This does not form part of the notification, but is published as intended to indicate its general purport.)

The term of the office of the members of the Kerala Non-Resident Keralites' Welfare Board constituted as per Notification issued under G.O.(P)No.2/2017/NORKA dated 28th March 2017 and published as per S. R. O. No. 157/2017 in the Kerala Gazette Extraordinary No. 613 stands expired on 28.03.2020. Hence, the Government have decided to reconstitute the Board w.e.f. 29th March 2020 with the above Directors and also appoint Sri. P. T. Kunj Muhammed as the Chairman, of the said Board.

The notification is intended to achieve the above object.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2020

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Salim A
Date:2020.07.02 02:32:34 +05